ബാങ്കണിയിൽ ഒരു മരണം

(പി. ടി. ഐ.) മദ്രാസ്. ഏ. 10

വടക്കൻ മദ്രാസിൽ നിർമ്മാണത്തിലിരിക്കുന്ന ഒരു കെട്ടിടത്തിന്റെ മൂന്നാംനിലയിലെ ബാൽക്കണി നിലംപതിച്ചതിന്റെ ഫലമായി ഒരാൾ കൊല്ലപ്പെട്ടു.

ബാൽക്കണി താഴെ വീണ അവസരത്തിൽ കൊല്ലപ്പെട്ടയാൾ തൊഴിലാളി ബാൽക്കണിയിൽ നിൽക്കുകയായിരുന്നു.

Reg: No K. 31

തൊഴിലാളി

Founder Father Vadakkan

Honorary Chief Editor T. O. Mathew M. A. :: Managing Editor B. Wellington B. A.

'തൊഴിലാളി' വരിസംഖ്യ നിരക്ക്

വാരാന്ത്യപ്പതിപ്പ്

	പോസ്റ്റാഫീസ്	പോസ്റ്റുവഴി
ഒരു കൊല്ലത്തേയ്ക്ക്	27_00	6_00
6 മാസത്തേയ്ക്ക്	13_50	3_00
1 മാസത്തേയ്ക്ക്	2_25	1_50
ഏജന്റുമാർവഴി ഒരു മാസത്തേയ്ക്ക്		
	വാരാന്ത്യപ്പതിപ്പ് അടക്കം	2_10
ഒറ്റപ്രതിവാരം	0_07	0_10

മാനേജർ.

പുസ്തകം 12 | ലക്കം 98 | 1965 ഏപ്രിൽ 11 ഞായർ തൃശ്ശൂർ | വില 10 പൈസ | പേജ് 6

കാർഡിനൽ മേയർ അന്തരിച്ചു

(റോയിട്ടർ) ചിക്കാഗൊ ഏ. 9

ചിക്കാഗൊ ആച്ച് ബിഷപ്പ് കാർഡിനൽ ആൽബർട്ട് മേയർ (62) ഇന്നിവിടെവെച്ച് അന്തരിച്ചു.

ഒരു ബ്രെയിൻ ട്യൂമറിനു് കഴിഞ്ഞ ഫെബ്രുവരിയിലാണ് തിരുമേനി ശസ്ത്രക്രിയയ്ക്ക് വിധേയനായതു്.

അമേരിക്കയിലെ ഏറ്റവും വലിയ കത്തോലിക്കാ രൂപതയുടെ ആച്ച്ബിഷപ്പായി 1958ൽ തിരുമേനി അവരോധിക്കപ്പെട്ടു. 1959ൽ ജോൺ മാർപ്പാപ്പ തിരുമേനിയെ ഒരു കാർഡിനലായി ഉയർത്തി.

മതസ്വാതന്ത്ര്യത്തേയും, വർണ്ണവിവേചനത്തെയുംസംബന്ധിച്ചുള്ള തിരുമേനിയുടെ നിലപാടുകൾ തിരുമേനി അനുവർത്തിച്ചിരുന്നതു്. രണ്ടാം വത്തിക്കാൻ സൂനഹാദോസിന്റെ ഒരു അദ്ധ്യക്ഷപദം പോലും മാർപ്പാപ്പ അദ്ദേഹത്തിനു് നൽകി.

....

ചാരുലതക്ക് അവാർഡ്

(പി. ടി. ഐ.) കല്ക്കത്ത ഏ. 10

സത്യജിത്ത് റെയുടെ 'ചാരുലത' യെന്ന ബംഗാളി ഫിലിമിനു് 64ലെ മികച്ച ചിത്രമെന്നനിലയിൽ ബങ്കാം ഫിലിം ജേണലിസ്റ്റ് അസോസിയേഷന്റെ അവാർഡ് ലഭിച്ചിരിക്കുന്നു.

ചാരുലത രവീന്ദ്രനാഥ ടാഗോറിന്റെ നാല്പാനീർ (തകർന്ന കുടുംബം) എന്ന കഥയെ ആസ്പദമാക്കി എടുത്ത ഒരു ഫിലിമാണ് അസോസിയേഷന്റെ മറ്റ് രണ്ടു അവാർഡുകളും ഈ ചിത്രത്തിനു തന്നെ നേടി.

—•—

മൻമന്ത്രി അറസ്റ്റിൽ

[പി ടി ഐ] കാത്മാണ്ടു ഏ. 10

അധികാരഭ്രഷ്ടമായ കോയിരാള മന്ത്രിസഭയിലെ ഒരു ഉപമന്ത്രിയായിരുന്ന റോഷ്പ്രസാദ് ജോഷിയെ അറസ്റ്റ്ചെയ്തിരിക്കുന്നു. ഇയ്യിടെ നടന്ന വിദ്യാർത്ഥിപ്രക്ഷുബ്ധതയുമായി ജോഷി ബന്ധപ്പെട്ടിരുന്നുവെന്നു് അതോടനുബന്ധിച്ചു് അറസ്റ്റ് ചെയ്യപ്പെട്ട ഒരു വിദ്യാർത്ഥിനേതാവു് വെളിപ്പെടുത്തിയതിനെ തുടർന്നാണ് ജോഷിയെ അറസ്റ്റ് ചെയ്തതെന്നു് നാഷനൽ ന്യൂസ് ഏജൻസി പ്രസ്താവിച്ചു.

....

സ്വകാര്യ മെഡിക്കൽ കോളേജുകൾ ഗവ: ഏറ്റെടുക്കുന്നു

[പി. ടി. ഐ.) ബാങ്കളൂർ ഏ. 10

കേന്ദ്ര ഗവണ്മെന്റിൽനിന്നും സഹായം ലഭിക്കുന്നതോടെ നാലും പഞ്ചവത്സരപദ്ധതി കാലത്തു് മൈസൂർ സംസ്ഥാനത്തെ സ്വകാര്യമെഡിക്കൽ കോളേജുകൾ ഗവണ്മെന്റു് ഏറ്റെടുക്കുമെന്നു് ആരോഗ്യവകുപ്പുമന്ത്രി ഡോ: കെ. നാഗപ്പ ആൽവ ഇന്നു് നിയമസഭയിൽ പ്രസ്താവിച്ചു.

സംസ്ഥാനത്തു് നാല സ്വകാര്യമെഡിക്കൽ കോളേജുകളാണുള്ളതു്. കേന്ദ്രത്തിന്റെ സഹായത്തോടെ അവ കാലോചിതമായ നിലയിൽ ഗവണ്മെന്റു് ഏറ്റെടുക്കുമെന്നും അദ്ദേഹം പറഞ്ഞു.

സ്വകാര്യമെഡിക്കൽ കോളേജുകൾ ക്രമത്തിനു സംസ്ഥാനങ്ങൾഏറ്റെടുക്കണമെന്നതാണു് കേന്ദ്രത്തിന്റെ നയമെന്നും അദ്ദേഹം പ്രസ്താവിച്ചു.

പാക്കു് സേന ഇന്ത്യൻസങ്കേതം ആക്രമിച്ചു

കച്ചു് അതിർത്തിയിൽ സംഘർഷം; ഇന്ത്യ തിരിച്ചു വെടിവെച്ചു

സംഭവവികാസങ്ങൾ സൂക്ഷിക്കുന്നുണ്ടെന്നു് നന്ദ

(പി. ടി. ഐ) ന്യൂഡൽഹി, ഏപ്രിൽ 10

കച്ചു്–സിന്ധു് അതിർത്തിയിലുള്ള കാഞ്ഞാർകോട്ടു് മേഖലയിലെ ഒരിന്ത്യൻ അതിർത്തിസങ്കേതത്തെ പാക്കു് സേനകൾ ആക്രമിച്ചുവെന്നു് ആഭ്യന്തരമന്ത്രി നന്ദ ഇന്നലെ വൈകുന്നേരം ലോകസഭയിൽ പ്രസ്താവിച്ചു.

"ഇരുഭാഗത്തും അപായങ്ങൾ ഉണ്ടായിട്ടുണ്ടു്. വിശദവിവരങ്ങൾ കിട്ടിയിട്ടില്ല" എന്നു് അദ്ദേഹം തുടർന്നു പറഞ്ഞു.

ഇന്നലെ രാവിലെയാണു് പാക്കു് സേനകൾ ഈ ആക്രമണം നടത്തിയതു്. പാക്കിസ്ഥാനികൾ നിയമവിരുദ്ധമായി രണ്ടു് സങ്കേതങ്ങൾ സ്ഥാപിച്ചിട്ടുള്ള ഭാഗത്തുനിന്നാണു് ആക്രമണം ഉണ്ടായതു്.

ഇന്ത്യ സ് റേഞ്ചിലേയും, രാജകോട്ടു് റേഞ്ചിലേയും കമാണ്ടർമാർ തമ്മിൽ കൂടിക്കാണണമെന്നും പാക്കു് അധികൃതർ ആവശ്യപ്പെട്ടിട്ടുണ്ടു്. ആക്രമണത്തിനു ശേഷമാണു് പാക്കിസ്ഥാൻ ഈ ആവശ്യം ഉന്നയിച്ചിട്ടുള്ളതു്. പാക്കിസ്ഥാനികൾ വെടിനിർത്തിയാൽ മാത്രമേ ഇന്ത്യ മേളനം നടക്കുകയുള്ളുവെന്നു് നന്ദ പറഞ്ഞു. നമ്മുടെ അതിർത്തിപോലീസ് സ്വരക്ഷാർത്ഥം തിരിച്ചു് വെടിവെച്ചുവെന്നും നന്ദ പ്രസ്താവിച്ചു.

തുടർന്നുണ്ടാകുന്ന സംഭവവികാസങ്ങളെപ്പറ്റി സഭക്കു് വിവരം നൽകാമെന്നു സ്ഥിതിഗതികളെ നേരിടുന്നതിനു് ഗവണ്മെന്റു് എല്ലാ നടപടികളും എടുക്കുന്നുണ്ടെന്നും വ്യക്തമാക്കി.

ചോദ്യങ്ങൾ

നന്ദയുടെ പ്രസ്താവനയെ തുടർന്നു് പ്രതിപക്ഷ ബഞ്ചുകളിൽനിന്നു് നിരവധി ചോദ്യങ്ങൾ ഉയർന്നു. അതിർത്തികളുടെ സുരക്ഷിതത തിനുവേണ്ടി ഗവണ്മെന്റു് എന്തു് നടപടികളാണു് എടുക്കുവാൻ ഉദ്ദേശിക്കുന്നതെന്നു് അവർ തിരക്കി. പടിഞ്ഞാറൻ കിഴക്കൻ രംഗപോലെ പാക്കിസ്ഥാന്റെ നീക്കോദ്യമങ്ങൾ പ്രകടമാണെന്നു് അവർ പുണ്ടികാണിച്ചു. പാക്കു് നിലപാടിനെ സംബന്ധിക്കുന്ന പ്രതിപക്ഷ ചിന്താഗതിയോടു് ഗവണ്മെന്റു് യോജിക്കുന്നുവെന്നു് നന്ദ പറഞ്ഞു.

ഗുജറാത്തു് ഗവണ്മെന്റിന്റെ പ്രസ്താവന

ഇന്നലെ വെളുപ്പിനു് പാക്കു് സേന ഒരു ഇന്ത്യൻ സങ്കേതത്തിനെറെ നേരെ ആക്രമണം നടത്തിയെന്നു് ഗുജറാത്തു് ഗവണ്മെന്റു് കൗടുംബികമായി പ്രസ്താവിച്ചു. ആക്രമണത്തിൽ പാക്കു് സേനവൻതോക്കുകളും, സായുധവാഹനങ്ങളും, ടാങ്കുകളുപയോഗിച്ച നമ്മുടെ സായുധപോലീസ് സ്വരക്ഷാർത്ഥം തിരിച്ചു വെടിവെച്ചു. രണ്ടു് അപായങ്ങൾ ഉണ്ടായിട്ടുണ്ടു്. നമ്മുടെ ഭാഗത്തുനിന്നു് ഒരു ആഫീസറാണു് കൊല്ലപ്പെട്ടതു്. ഗവണ്മെന്റിന്റെ പ്രതികരിപ്പിൽപറയുന്ന രാവിലെ മുഴുവൻ ഇരുഭാഗത്തുനിന്നും വെടിവെപ്പു് തുടർന്നു. നാശത്തെ സങ്കേതങ്ങളിലേക്കു് പോഷകസേനകളെ അയക്കുന്നുണ്ടു്.

അടിയന്തിരകമ്മറ്റി കൂടി

പാക്കു് ആക്രമണത്തെത്തുടർന്നു് കച്ചു് അതിർത്തിയിലുള്ള സ്ഥിതിഗതികൾ അവലോകനം ചെയ്യുന്നതിനു് കേന്ദ്രമന്ത്രിസഭയുടെ അടിയന്തിരകമ്മറ്റി കൂടി.

നന്ദ കൽക്കട്ടയിൽ

(പി ടി ഐ) കൽക്കട്ട, ഏ 10

ഒരു സ്പെഷൽ വിമാനമാർഗ്ഗം അന്യതാമന്ത്രി മി. ജി. എൽ. നന്ദ ഇന്നുരാവിലെ ഇവിടെ എത്തിച്ചേർന്നിരിക്കുന്നു. മുഖ്യമന്ത്രി മി. പി. സി. സെന്നുമായി ഒരു അനൗപചാരിക സംഭാഷണം നടത്തുന്നതിനായി മി. നന്ദ ഉടനെത്തന്നെ ബങ്കാം സിവിൽട്ടിയറിലേക്കു് പോയി. ഇന്നു് 69 വയസ്സു് തികയുന്ന മി. സെന്നിനു് മി. നന്ദ ജന്മദിനാശംസകൾ അർപ്പിച്ചു.

—

രാജസ്ഥാനതിർത്തിക്കുള്ളിൽ പാക്കു് ടാൻസ്മിറർ പ്രവർത്തിക്കുന്നില്ല

[പി. ടി. ടി. ഐ] ജയ്പൂർ ഏ. 10

രാജസ്ഥാൻ അതിർത്തിക്കുള്ളിൽ ഒരു പാക്കിസ്ഥാനി ടാൻസ്മിറർ പ്രവർത്തിക്കില്ലെന്ന ആരോപണത്തെ മുഖ്യമന്ത്രി മി. മോഹൻലാൽ സുഖാദിയ ഇന്നു് നിഷേധിച്ചിരിക്കുന്നു.

ഈ പ്രശ്നം ഒരടിയന്തിര പ്രമേയം വഴി മി. ഷേർസിംഗ് (ജനസംഘം) ഇന്നലെ നിയമസഭയിൽ ഉന്നയിച്ചു. സ്പീക്കർ പ്രമേയത്തിനു് അനുമതി നിഷേധിക്കുകയുണ്ടായി. മുഖ്യമന്ത്രി ഇന്നൊരു പ്രസ്താവന ചെയ്തുമെന്നു് എഴുതുകയും ചെയ്തിരുന്നു.

ഈ പ്രശ്നം സംബന്ധിച്ചു് പോലീസ് അന്വേഷണം നടത്തുകയുണ്ടായിയെന്നു് മി. സുഖാദിയ പറഞ്ഞു. രാജസ്ഥാൻ അതിർത്തിയിലെവിടെയും ആപാക്കി സ്ഥാനി ടാൻസ്മിറർ പ്രവർത്തിക്കുന്നില്ലെന്നു് അദ്ദേഹം പ്രസ്താവിച്ചു.

....

കോൺഗ്രസ്സിന്റെ ജനസമ്മതി കുറഞ്ഞു

ഈ പോക്കു് പോയാൽ കോൺഗ്രസ്സ് കഴപ്പത്തിലാകുമെന്നു് പട്ടീൽ

[പി ടി ഐ] ഔറംഗബാദു്, ഏ 10

കോൺഗ്രസ്സിന്റെ ജനസമ്മതി കുറഞ്ഞു് വരികയാണെന്നു് കേന്ദ്രറെയിൽവെ മന്ത്രി എസ്. കെ. പട്ടീൽ ഇവിടെ കോൺഗ്രസ്സു് പ്രവർത്തകരുടെ ഒരു യോഗത്തിൽ പ്രസ്താവിച്ചു.

ഈ അധഃപതനത്തെ തടയുന്നില്ലെങ്കിൽ, ഗാന്ധിജിയുടേയും, നെഹറുവിന്റെയും മുതൽ കൂട്ടിയാൽ കഴിഞ്ഞ മൂന്നു് തെരഞ്ഞെടുപ്പുകളിൽ വിജയം നേടിയ കോൺഗ്രസ്സിനു് വരുന്ന തെരഞ്ഞെടുപ്പിൽ അതിന്റെ പാരമ്പര്യം നിലനിർത്തുവാൻ സാധിക്കാതെ വരുമെന്നു് അദ്ദേഹം പറഞ്ഞു.

നിസ്വാർത്ഥമായി പ്രവർത്തിച്ചുകൊണ്ടു് ജനതയുടെ സ്നേഹം നേടുവാൻ അദ്ദേഹം കോൺഗ്രസ്സുകാരെ ആഹ്വാനം ചെയ്തു. ഇപ്പോഴും സുഖം വൈകിയിട്ടില്ല. എന്തുകൊണ്ടെന്നാൽ പ്രതിപക്ഷകക്ഷികൾക്കു് അധികം ശക്തി സമ്പാദിക്കുവാൻ കഴിഞ്ഞിട്ടില്ല.

കോൺഗ്രസ്സുകാരിൽനിന്നു് തന്നെ നിരവധി പരാതികൾ കേൾക്കേണ്ടിവന്നതു് നിഷ്ക്രിയരുമാണു്. ഗ്രൂപ്പ്വഴക്കുകളാണു് മറ്റൊരു തലവേദന. ഒരു സംസ്ഥാനവും ഈ സുഖക്കേടിൽനിന്നു വിമുക്തമല്ല. കറാവാളികളേയും. സാമൂഹ്യവിരുദ്ധരേയും കയറിടേണ്ടതുണ്ടു്. കൂപ്പുങ്കൈ തുടരുവാൻ അനുവദിച്ചാൽ അതൊരു അഗ്നിപർവ്വതമായി മാറും. ഉദാഹരണം ഒറീസ്സയും, പഞ്ചാബും. ഇപ്പോഴത്തെ നേതൃക്കാം ഭരണയന്ത്രവുമായി മാത്രം ബന്ധപ്പെട്ടവരാണു്. അവക്കു് ജനപിന്തുണ കായും. മഹാത്മഗാന്ധി സൃഷ്ടിച്ച നേതൃത്വം ഇന്നു് നിലനില്പില്ല.

ഇന്ത്യയ്ക്കു് ഒരൊറ മുങ്ങിക്കപ്പൽ പോലുമില്ല

ചൈനീസ് നാവികപ്പടക്കു് 811–കപ്പലുകളുള്ളപ്പോൾ ഇന്ത്യക്കു് 14–എണ്ണം മാത്രം

(പി ടി ഐ) ന്യൂഡൽഹി, ഏപ്രിൽ 10

നാവിശക്തിപ്പെട്ടത്തണമെന്നതു് സുപ്രധാനമായ ഒരു പ്രശ്നമാണു്. അക്കാര്യം വച്ചുപുലർത്തുകയും വേണമെന്നു് കോൺഗ്രസ്സ് പാർലമെന്ററി പാർട്ടി സിക്രട്ടറി മി. രഘുനാഥ്സിംഗ് പാർട്ടിയുടെ എക്സിക്യൂട്ടീവ് കമ്മറ്റിയുടെ യോഗത്തിൽ പ്രസ്താവിച്ചു.

ഇന്ത്യ, പാക്കിസ്ഥാൻ, ചൈന, ഇന്തോനേഷ്യ എന്നിവിടങ്ങളിലെ നാവികസേനാശക്തിയെ സംബന്ധിച്ചു ഒരു താരതമ്യപഠനക്കു് അദ്ദേഹം യോഗത്തിൽ നൽകി. നാവികശക്തിയുടേയും നാവിയിലെ മനുഷ്യശക്തിയുടേയും കാര്യത്തിൽ ഇന്ത്യയുടെ നില അത്രയൊന്നും തൃപ്തികരമല്ലെന്നും അദ്ദേഹം പ്രസ്താവിച്ചു.

യോഗത്തിൽ പ്രധാനമന്ത്രി മി. ശാസ്ത്രി അധ്യക്ഷത വഹിച്ചു. രാജ്യരക്ഷാമന്ത്രി മി. ചവ്വാനും യോഗത്തിൽ സംബന്ധിച്ചിരുന്നു.

നാവിക്കു് ഈ വർഷത്തെ ബഡ്ജറ്റിൽ 25 കോടി രൂപ മാത്രമാണു് ഉൾക്കൊള്ളിച്ചിരിക്കുന്നതു്. ഈ തുകയിൽ അധികവും പഴയ കപ്പലുകളും മാറ്റുന്നതിനും വേണ്ടിയാണെന്നും അദ്ദേഹം പറഞ്ഞു. ഇന്തോനേഷ്യൻ നാവികസേനയ്ക്കു് ഇപ്പോൾ 811 കപ്പലുകളുണ്ടു്. അവയിൽ 40 നാഴികയുടെ ദൂരം മാത്രമാണുള്ളതു്. കൂടുകാലംമുമ്പു്, ആന്തമാൻ നിക്കോബർദ്വീപിനു് സമീപത്തുവെച്ചു 2 ഇന്തോനേഷ്യൻ മുങ്ങിക്കപ്പലുകൾ കാണുകയുണ്ടായി.

ചൈനയ്ക്കു് 28 മുങ്ങിക്കപ്പലുകളുടെ ഒരു കപ്പൽപടയുണ്ടു്. ഇന്ത്യക്കു് ഒരൊറ മുങ്ങിക്കപ്പൽപോലുമില്ല എല്ലാ തരത്തിലുമായി ഇന്ത്യൻ നാവിക്കു് മൊത്തം 44 കപ്പലുകളാണുള്ളതെന്നു് മി. രഘുനാഥ്സിംഗ് പറഞ്ഞു. ചൈനീസ് നാവിക്കു് 811 കപ്പലുകളുണ്ടു്. ഇന്തോനേഷ്യക്കു് 238 ഉം പാക്കിസ്ഥാനു് 27 ഉം കപ്പലുകളാണുള്ളതു്.

അഴിമതിയെ തുരത്താൻ സർവ്വരും സഹകരിക്കണം

ആഭ്യന്തരമന്ത്രി നന്ദയുടെ പ്രസംഗം

(പി ടി ഐ) കൽക്കട്ട ഏ. 10

ന്നുമുതലായത്തിൽനിന്നും ഭരണകൂടത്തിൽനിന്നും അഴിമതി നിർമ്മാജ്ജനം ചെയ്യുന്നതിനു് എല്ലാ വിഭാഗങ്ങളിൽനിന്നും സഹകരണമുണ്ടാകേണ്ടതിന്റെ ആവശ്യകത കേന്ദ്ര ആഭ്യന്തരകാര്യമന്ത്രി മി. നന്ദ ഇന്നിവിടെവെച്ചു ഉന്നിപ്പറഞ്ഞിരിക്കുന്നു.

ഇന്നു രാവിലെ ഇവിടെ എത്തിച്ചേർന്ന മി. നന്ദ, കസ്റ്റംസ് ഉദ്യോഗസ്ഥന്മാരോടു്, അവരുടെ വകുപ്പിൽനിന്നും അഴിമതി ഉന്മൂലനം ചെയ്യുന്നതിനുള്ള നടപടികൾ സംബന്ധിച്ചു് സംസാരിക്കുകയായിരുന്നു.

ദേശീയ താല്പര്യത്തിന്റെ പേരിൽ ഭരണകൂടത്തിൽ ഇന്നു നിലവിലുള്ള അഴിമതിയും കാലതാമസവും കാര്യക്ഷമതയില്ലായ്മയും ചെറിയ തോതിലുള്ളതുപോലും അനുവദിക്കയില്ലെന്ന കാര്യത്തിൽ ഗവണ്മെന്റിനു് അതീവ ഉൽക്കണ്ഠയാണുള്ളതെന്നു് മി. നന്ദ പറഞ്ഞു.

കഴുപ്പം ശരിക്കും മനസ്സിലാക്കുകയും വേണ്ട പ്രതിവിധികണ്ടെത്തുകയും ചെയ്യുന്നതിനു് സാധിക്കുംവിധം ഭരണകൂടത്തിലെ പോരായ്മകൾ മനസ്സിലാക്കുവാൻ ഓഫീസർമാർ ശ്രമിക്കണമെന്നു് മി. നന്ദ പറഞ്ഞു. താമസംവിനാ തീരുമാനങ്ങൾ എടുക്കുവാനുള്ള കഴിവു് കാര്യക്ഷമതയിലുള്ള വിശ്വാസത്തിനു് കോട്ടംവരുത്തുവിധം എല്ലാവരും അവരവരുടെ കർത്തവ്യം വേഗതയിലും കാര്യക്ഷമമായും നിർവ്വഹിക്കണം. എല്ലാവർക്കും ബോദ്ധ്യം വരുത്താവുന്നവിധം. നമുക്കു് കാര്യങ്ങൾ നിർവ്വഹിക്കേണ്ടതുണ്ടെന്നും മി. നന്ദ പറഞ്ഞു.

ശരിക്കും ശിശ്രൂഷയായ ഓഫീസർമാരും ജനങ്ങളുണ്ടു്. എല്ലാ ഉദ്യോഗസ്ഥന്മാരും മോശക്കാരല്ല. മറിച്ചാണെങ്കിൽ ഒരു പ്രത്യാശക്കും ഇടമില്ലെന്നും അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി.

മൈസൂർ സ്പീക്കർക്കു് 71 വയസ്സായി

(പി ടി ഐ) ബാങ്കളൂർ, ഏ 10

മൈസൂർ നിയമസഭാസ്പീക്കർ മി. വൈകുണ്ഠബാലികയ്ക്കു് ഇന്നു് 71 വയസ്സു് തികഞ്ഞു.

നിയമസഭ ഇന്നു് അദ്ദേഹത്തിനു് ജന്മദിനാശംസകൾ അർപ്പിച്ചു.

കരിംഗഞ്ചിൽ പാക്കു് വെടിവെപ്പു്; വെടിനിർത്തൽ കരാർ ലംഘിച്ചു

(പി. ടി. ഐ.) ഷില്ലോങ്ങു്, ഏ. 10

ആസ്സാം–പാക്കു് അതിർത്തിയിലെ കരിംഗഞ്ചുമേഖലയിൽ ഇന്നലെ രാത്രി പാക്കു്സൈന്യം കനത്ത വെടിവെപ്പു് നടത്തി. ഇന്നലെ നാലുമണിമുതൽ നടപ്പിൽവന്ന വെടിനിർത്തൽകരാർ ലംഘിച്ചുകൊണ്ടാണു് ഈ വെടിവെപ്പു് നടന്നതു്. പുലർച്ചെ മൂന്നരമണിവരെ ഈ മേഖലയിൽ വെടിവെപ്പു് തുടർന്നുവെന്നു കരുതപ്പെടുന്നു. ഇരുഭാഗത്തും അപായങ്ങൾ ഉണ്ടായിട്ടുണ്ടോ എന്നു് വ്യക്തമല്ല.

ജോൺസന്റെ പ്രസ്താവനക്കു് സ്പോണിന്റെ സ്വാഗതം

(പി ടി ഐ) കൊളമ്പോ, ഏ. 10

വിയറ്റ്നാംപ്രശ്നത്തിൽ സമാധാനപരമായ ഒരു പരിഹാരം കാണുന്നതിനു നിയമപരമായ ചർച്ചകൾക്കു് അമേരിക്ക ഒരുക്കമാണെന്നുള്ള പ്രസിഡണ്ടു് ജോൺസന്റെ പ്രസ്താവനയെ സിലോൺ സ്വാഗതം ചെയ്തിരിക്കുന്നു.

സമാധാനം കൈവരുന്നതുവരേ സംഘട്ടനം വിപുലീകരിക്കുവാൻ ശ്രമിക്കുകയില്ലെന്നുള്ള പ്രസിഡണ്ടു് ജോൺസന്റെ പ്രതിജ്ഞയേയും സിലോൺഗവണ്മെന്റു് സ്വാഗതം ചെയ്തിട്ടുണ്ടു്. ഈ പ്രശ്നത്തെ സംബന്ധിച്ചു് ചേരിചേരാരാഷ്ട്രങ്ങളും നടത്തിയ അഭ്യർത്ഥനയിൽ സിലോണും കൂട്ടുവഹിച്ചിരുന്നു.

.....

ഐറിഷ് തെരഞ്ഞെടുപ്പിൽ ഫിയാന ഫെയിലിനു് ഭൂരിപക്ഷം

(റോയിട്ടർ) ഡബ്ലിൻ, ഏ. 10

കഴിഞ്ഞ ബുധനാഴ്ച നടന്ന അയർലണ്ടിലെ പൊതുതിരഞ്ഞെടുപ്പിൽ ഭൗരകക്ഷിയായിരുന്ന ഫിൻ ലൊസിന്റെ ഫിയാന ഫെയിൽ പാർട്ടി 72 സീറ്റുകളും നേടിയിരിക്കുന്നു. ഒരു സീറ്റിന്റെ ഫലപ്രഖ്യാപനം മാത്രമേ ഇനി ബാക്കിയുള്ളൂ. ഫൈറിഷ് പാർലമെന്റിൽ 143 സീറ്റുകളാണു് ഉള്ളതു്.

ജെയിസ് ടില്ലന്റെ ഫൈൻ ഗെയിൻ പാർട്ടിക്കു് 46 സീറ്റുകളും കിട്ടർ ലെബർപാർട്ടിക്കു് 21 സീറ്റുകളും നേടി. മൂന്നു സ്വതന്ത്രന്മാരും ജയിച്ചിട്ടുണ്ടു്. തൊഴിലാളിയുടെ പാർട്ടിക്കു് 1 സീറ്റും കിട്ടി.

ഇസ്രായേലിനു് അമേരിക്കൻ ആയുധം

[ഏ. എഫ്. പി.]

ടെൽഅവീവ് ഏ. 10

ഇസ്രായേലിനു് അമേരിക്ക ആയുധങ്ങൾ നൽകുമെന്നുള്ള റിപ്പോർട്ടിനെ ഇസ്രായേൽ പ്രധാനമന്ത്രി ലെവി എസ്കോൾ സ്ഥിരീകരിച്ചിട്ടില്ല.

ഏതെല്ലാം തരത്തിലുള്ള ആയുധങ്ങളാണു് അമേരിക്ക നൽകുകയെന്നു് പറയുവാൻ പ്രധാനമന്ത്രി വിസമ്മതിച്ചു.

ഇസ്രായേലിനുള്ള അമേരിക്കൻ ആയുധസഹായം നിരുപാധികമാണു്. അറബിരാജ്യങ്ങളുമായി സമാധാനസംഭാഷണത്തിനു് ഇസ്രായേൽ എപ്പോഴും ഒരുക്കമാണെന്നു് പ്രധാനമന്ത്രി പുണ്ടി കൂട്ടി.

യുദ്ധം ചൈനീസ് പ്രദേശത്തേയ്ക്കു് പരക്കുന്നു

അമേരിക്കൻ–ചൈനീസ് വിമാനങ്ങൾ കൂട്ടിമുട്ടി

തെ. വിയറ്റ്നാംസൈനികനേതൃത്വംകഴപ്പത്തിൽ

(റോയിട്ടർ) സൈഗോൺ, ഏ. 10

തെക്കൻ ചീനാക്കടലിനു് മുകളിൽവെച്ചു് നാലു് അമേരിക്കൻ നാവിക ജെറ്റ് വിമാനങ്ങളും, കമ്മ്യൂണിസ്റ്റ് മിഗ്ഗ് വിമാനങ്ങളും തമ്മിൽ ഇന്നലെ കൂട്ടിമുട്ടി. ഒരു മിഗ്ഗ് തീപ്പിടിച്ചനിലയിൽ മേഘവലയത്തിലേയ്ക്കു് നീങ്ങിയതായി റിപ്പോർട്ടു് ചെയ്തിട്ടുണ്ടു്.

ചൈനീസ് കമ്മ്യൂണിസ്റ്റ് പ്രദേശമായ ഹൈനാൻ ദ്വീപിൽനിന്നു് 35 നാഴിക ദൂരെവെച്ചാണു് ഈ സംഘട്ടനം നടന്നതു്.

ഹാനോയിൽനിന്നു് 120 നാഴികതെക്കായി കിടക്കുന്ന തന്മധ്യ പാലം തകർക്കുന്നതിൽ ഏർപ്പെട്ടിരുന്ന നാവികവിമാനങ്ങൾക്കു് അകമ്പടിസേവിക്കുകയായിരുന്ന അമേരിക്കൻജെറ്റ് കപ്പലുകളും വൈകുന്നേരവും നടന്ന ആക്രമണത്തിന്റെ ഫലമായി പാലം പൂർണ്ണമായും തകർന്നുപോയി.

ഒരു മിഗ്ഗ്വിമാനത്തിനു് തീപ്പിടിച്ചുവെന്നല്ലാതെ, അമേരിക്കൻ വിമാനങ്ങളും മുഴുവൻ താവളത്തിലേക്കു് തിരിച്ചെത്തിയെന്നു് പറയുവാൻ ഒരമേരിക്കൻ നാവികസേനാവക്താവു് കൂട്ടാക്കിയില്ല. മുവ്വായിരത്തോളംവരുന്ന ഒരു അമേരിക്കൻ നാവികസേനാവിഭാഗത്തെ കൂടി തെക്കൻ വിയറ്റ്നാമിലേക്കു് കൊണ്ടുവരുമെന്നു് അമേരിക്കൻ അധികൃതർ പ്രഖ്യാപിച്ചു. ഇതോടെ നാവിക സേനയുടെ എണ്ണം 6500 ആവും.

പീക്കിങ്ങിന്റെ പ്രസ്താവന

വടക്കൻ വിയറ്റ്നാമിലെ വാർത്താവിനിമയോപകരണങ്ങളെ തകർക്കുന്നതിനു് 'അമേരിക്കൻ സാമ്രാജ്യവാദികളും നടത്തിയ ആക്രമണത്തിൽ' 8 അമേരിക്കൻ വിമാനങ്ങളെ വെടിവെച്ചു് വീഴ്ത്തിയെന്നും വളരെ വിമാനങ്ങൾക്കു് കേടുപാടുകൾവരുത്തിയെന്നും ഹാനോയി റിപ്പോർട്ടുകളെ ഉദ്ധരിച്ചുകൊണ്ടു് പീക്കിങ്ങ് റേഡിയോ പ്രസ്താവിച്ചു.

ഹൈനാനിന്നുള്ളവെടിവെപ്പുണ്ടായ വ്യോമയുദ്ധത്തിൽ കരമേരിക്കൻ വിമാനം തൊട്ടുതുടർന്നു് മിസ്സയിൽതട്ടി മറ്റൊരു അമേരിക്കൻ വിമാനം തകർന്നുവെന്നു് സിൻഹുവാ ന്യൂസൈനാ ന്യൂസ് ഏജൻസി പറഞ്ഞു. ഹാനോയിക്കുള്ളിൽ 'ആണവായുധമുള്ള' അമേരിക്കൻ വിമാനങ്ങളെ നേരിടുന്നതിൽ ചൈനീസ് വിമാനങ്ങൾ ഉടനെ എത്തിയെന്നും ഏജൻസി പ്രസ്താവിച്ചു.

സൈനികനേതൃത്വത്തിൽ കഴപ്പം

തെക്കൻ വിയറ്റ്നാം നാവികസേനാ കമാണ്ടർ അഡ്മിറൽ ചുങ്ങ് താൻ കാണ്ടിന്റെ അറസ്റ്റോ കൂടിയൈനീകനേതൃത്വം ആകെ കഴപ്പത്തിലായിരിക്കുന്നു. അഡ്മിറൽ കാണ്ടു് ജനാൽ അഗസ്റ്റീൻഖാനിന്റെ ഒരു സംഘത്തെയാണു്. കഴിഞ്ഞഫെബ്രുവരിയിലാണു് ഖാനിനെ സൈനികധേധവിത്വത്തിൽനിന്നു് മറിച്ചിട്ടതു്. ജനാൽ കാണ്ടു് ഒരു മാരൻ കത്തോലിക്കനാണു്.

അമേരിക്കയിലെ റോഡ് ഐലണ്ടു് സൈനികകോളേജിൽനിന്നാണു് അദ്ദേഹം സൈനിക പരിശീലനംനേടിയതു്.

വിയറ്റ്കോങ്ങുമായി സംഭാഷണത്തിന്നില്ലെന്നു് അമേരിക്ക

(റോയിട്ടർ) വാഷിംഗ്ടൺ, ഏ 10

വിയറ്റ്നാം പ്രശ്നത്തെ സംബന്ധിച്ചു് നടന്നേക്കാവുന്ന സമാധാനസംഭാഷണങ്ങളിൽ കമ്മ്യൂണിസ്റ്റ് വിയറ്റ്കോങ്ങിനെ ഒരു സ്വതന്ത്രപങ്കാളിയായി അമേരിക്ക അംഗീകരിക്കുകയില്ലെന്നു് അമേരിക്കൻ അധികൃതർ വ്യക്തമാക്കിയിരിക്കുന്നു.

ഗവണ്മെന്റുകാര്യം തമ്മിലാണു് ഈ സമാധാനസംഭാഷണം നടക്കേണ്ടതു്. വിയറ്റ്നാംകോങ്ങ് വടക്കൻവിയറ്റ്നാം ഗവണ്മെന്റിന്റെ ഒരു ഏജൻസി മാത്രമാണു്.

കുടുംബപെൻഷൻ നൽകുന്നതിന്റെ നടപടിക്രമം പുതുക്കി

ന്യൂഡൽഹി. ഏ. 10

വിമാനാപകടത്തിൽ പെട്ടു് മരണമടയുന്ന ആഫീസർമാർക്കു് മറ്റുള്ളവർക്കു പെൻഷൻ വിതരണം ചെയ്യുന്നതിന്റെ നടപടിക്രമം പുതുക്കിയിരിക്കുന്നതായി രാജ്യരക്ഷാവകുപ്പു് ഒരു പത്രക്കുറിപ്പിൽ പറയുന്നു.

നിലവിലുള്ള ചട്

തൊഴിലാളി

പോസ്റ്റ്മോർട്ടം 90
ടെലഫോൺ 125
പത്രാധിപരുടെ വസതി 455

1965 ഏപ്രിൽ 11-നാ- ഞായർ

ഇന്ത്യാ-സിലോൺ കരാർ

....o....

കഴിഞ്ഞ ഒക്ടോബറിൽ ഇന്ത്യയും സിലോണും കൂടി നടത്തിയിട്ടുള്ള കരാറിൽ ചില ഭേദഗതികൾ നടത്താൻ സിലോൺ ഗവണ്മേണ്ട് ആലോചിച്ചുവരുന്നുണ്ടത്രെ. അന്ന് സിലോണിൽ സിരിമാവൊയുടെ മന്ത്രിസഭയോണ്ടായിരുന്നല്ലോ. ഇന്ന് ഡഡ്ലി സേനാനായകയുടെ മന്ത്രിസഭ അധികാരത്തിൽ വന്നതോടുകൂടി ഇന്ത്യയോടുള്ള മനോഭാവത്തിൽ കുറെക്കൂടി ആനുകൂല്യം വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഒക്ടോബറിലെ കരാറനുസരിച്ച് പതിനഞ്ചുകൊല്ലത്തിനുള്ളിൽ 5,25,00 ഇന്ത്യൻ വംശജരെ സിലോണിൽനിന്നും തിരിച്ചുകൊണ്ടുപോകാമെന്നാണ് ഇന്ത്യാഗവണ്മേണ്ട് ഏറ്റിരുന്നത്. സിലോൺ പുതുക്കാനുദ്ദേശിക്കുന്ന കരാറനുസരിച്ച് രണ്ടു കൊല്ലത്തിനുള്ളിൽ മൂന്നു ലക്ഷം ഇന്ത്യൻ വംശജരെ ഇന്ത്യ കൊണ്ടുപോകുമെന്നാണ് സിലോൺ ഗവണ്മേണ്ടിന്റെ പ്രതീക്ഷ.

ഇങ്ങിനെ ഒരു പ്രതീക്ഷ സിലോണിനുണ്ടാകാനുള്ള കാരണം സിലോണിലെ പുതിയ സർക്കാരോടും അതിന്റെ ജനാധിപത്യരീതികളോടും ഇന്ത്യക്കുള്ള ബഹുമാനമാണത്രെ. ഇപ്പോഴത്തെ 1,25,000 ആളകലം ഉടനെ സിലോൺ വിടാൻ തയ്യാറായി നില്ക്കുകയാണ്. വേറെ പലരും രണ്ടുകൊല്ലത്തിനുള്ളിൽ വിട്ടുപോരാൻ യാത്രാസൗകര്യങ്ങളും നോക്കി നില്ക്കുന്നു.

അതിനും പുറമെ സിലോൺ വിട്ടുപോരാൻ തയ്യാറുള്ളവർ കഴിച്ച് ബാക്കിയുള്ളവരെ രണ്ടാംതരം പൗരന്മാരാക്കി പരിഗണിച്ച് തിരിച്ചയയ്ക്കാനുള്ള ഉദ്ദേശമാണ് പുതിക്കിയ നിർദ്ദേശമനുസരിച്ച് 75000 വോട്ടർമാരുള്ള സിലോണിലെ നിയോജകമണ്ഡലങ്ങളിൽ എഴുപത്തഞ്ചു ശതമാനവും സിംഹള വോട്ടർമാരും മറ്റുള്ളവർ ഇന്ത്യൻ വംശജരുമാണെങ്കിൽ അവ ദ്വയാംഗമണ്ഡലങ്ങളാക്കി പ്രഖ്യാപിക്കാനാണത്രേ ശിക്ഷന്നത്. അപ്പോഴും ആദ്യം തിരഞ്ഞെടുക്കപ്പെടുന്നവൻ സിംഹളനും രണ്ടാമതായിവരുന്നവൻ ഇന്ത്യാക്കാരനുമാകാം പ്ലാന്റേഷൻ മേഖലകളിൽ കൂടുതലായി ഇന്ത്യൻ വംശജരുള്ളതുകൊണ്ട് അവിടങ്ങളിൽ ദ്വയാംഗമണ്ഡലങ്ങളുണ്ടാക്കുകയാണെങ്കിൽ അവ ഉടനെ ഇന്ത്യാക്കാർക്ക് നിയമസഭയിലേക്ക് കയറിക്കൂടാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇക്കാര്യങ്ങളെല്ലാം ഉൾക്കൊള്ളിക്കുന്ന നിയമനിർമ്മാണം നടത്താൻ സിലോൺ ഗവണ്മേണ്ട് ആലോചിച്ചുവരികയാണത്രെ.

പഴയതും പുതിയതുമായ കരാറുകളെപ്പറ്റി സംസാരിക്കുന്നതിനിടയ്ക്ക് ഞങ്ങളും മുമ്പേ പുറപ്പിക്കാണിച്ച അടിസ്ഥാനപരമായ പ്രശ്നം പലരും വിസ്മരിക്കുകയാണ്. അതായത് നിരവധി പുരുഷായുസ്സായി അവിടെ ജീവിച്ചുപോന്നിട്ടുള്ള സിലോണിന്യൂക്കാരെ ഇനിയും ഇന്ത്യാക്കാരായിത്തന്നെ അംഗീകരിച്ചുപോകുന്നതിലുള്ള പന്തികേട്. അതെന്തുപറഞ്ഞാലും അതെല്ലാം അംഗീകരിക്കപ്പെട്ട കാര്യങ്ങളായി തള്ളിക്കളഞ്ഞാൽ പിന്നെ എന്തു പറയാനാണ്.

.....

മദ്യനിരോധന നിയമ ലംഘനക്കുറ്റങ്ങൾ

തൃശ്ശൂർ, ഏപ്രിൽ 9

മാർച്ചുമാസം രജിസ്റ്റർ ചെയ്തതായ രണ്ടായിരത്തിൽപരം മദ്യനിരോധനിയമ ലംഘനക്കേസുകൾ തൃശ്ശൂർ ഡിവിഷനിൽ കണ്ടുപിടിക്കപ്പെട്ടതായി തൃശ്ശൂർ ഡിവിഷനൽ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറുടെ റിപ്പോർട്ടിൽ പറയുന്നു. ഇതോടുകൂടി ഇപ്പോൾ ഈ വർഷം ആകെ 322 കേസ്സുകൾ ചാർജ്ജ് ചെയ്യപ്പെട്ടിരിക്കുന്നു. വടക്കാഞ്ചേരി റെയ്ഞ്ചിൽ 1/-ാം നമ്പർകേസ് രേഖയിൽ 23-ഉം പയ്യനൂർ രേഖയിൽ 1-ാം, ചിറക്കൽ രേഖയിൽ 74-ാം, നെന്മാറ രേഖയിൽ 9-ാം, കൊടുങ്ങല്ലൂർ രേഖയിൽ 27-ാം, പാലക്കാട് രേഖയിൽ 73-ാം, ചെറിന്തൽ മണ്ണൂർ രേഖയിൽ 12-ാം, പൊന്നാനി രേഖയിൽ 15-ാം കേസ്സുകൾ വീതമാണ് കണ്ടുപിടിച്ചിട്ടുള്ളത്.

.....

ഭാരത് സേവക് സമാജ് യോഗം

[സ്വ ലേ] ഇരിങ്ങാലക്കുട, ഏ. 10

ഭാരത് സേവക് സമാജത്തിന്റെ ഒരു യോഗം മുനിസിപ്പൽ ആഫീസിൽവെച്ച് കെ. പി. ജോണിയുടെ അദ്ധ്യക്ഷതയിൽ കൂടി. അഡ്മിനിസ്ട്രേറ്റർ ജിനരാജ് സ്വാഗതം പറഞ്ഞു. പ്രൊഫസർ വി. രാമനാഥൻ യോഗം ഉൽഘാടനം ചെയ്തു. എ. പി. ജോർജ്ജ്, എം. പി. ഉസ്മാൻ എന്നിവർ പ്രസംഗിച്ചു.

....

പാലക്കാട്ടെ ലോകാരോഗ്യദിനം

പാലക്കാട്, ഏ. 8

ലോകാരോഗ്യദിനം പ്രമാണിച്ച് ഇന്നലെ വൈകുന്നേരം അഞ്ചരമണിയ്ക്ക് പാലക്കാട്ട് ലോകാരോഗ്യദിനാഘോഷകമ്മിറ്റിയുടെ അദ്ധ്യക്ഷൻ ശ്രീ. കെ. രാമുണ്ണിമേനോന്റെ അദ്ധ്യക്ഷതയിൽ ബി. ഇ. എം. ഹൈസ്കൂളിൽവച്ച് ചേർന്ന യോഗത്തിൽ ഡി. എം. ഓ. കെ. വാസുദേവമേനോൻ, ഡി. എസ്. പി. എം. കെ ജോസഫ്, മിസ്സിസ്സ് സീതാരാമചന്ദ്രൻ ശ്രീ. സുന്ദരസാഹിബ് എന്നിവർ പ്രസംഗിച്ചു. ജില്ലാ ആസ്പത്രിയിൽനിന്നും വൈകുന്നേരം 5 മണിയ്ക്ക് പുറപ്പെട്ടഘോഷയാത്രയോഗത്തിനുമുമ്പ് സ്ഥലത്തെത്തിച്ചേരുകയുണ്ടായി. യോഗാനന്തരം കലാപരിപാടികളും മസൂരിയെപ്പറ്റിയുള്ള സിനിമാപ്രദർശനവുമുണ്ടായിരുന്നു.

വട്ടതലയിൽ പുതിയ റയിൽ സ്റ്റേഷൻ

വട്ടതല, ഏ. 9

വട്ടതലയിൽ ഒരു റയിൽവേസ്റ്റേഷൻ സ്ഥാപിക്കുന്നതുസംബന്ധിച്ച് റയിൽവേ അധികൃതർ സ്ഥലപരിശോധന നടത്തിയിരിക്കുന്നു.

റയിൽവേ ട്രാഫിക്ക് സൂപ്രണ്ടിന്റെ നേതൃത്വത്തിലുള്ള റയിൽവേ ഉദ്യോഗസ്ഥന്മാരുടെ സംഘം വട്ടതല ഉണ്ണിമിശിഹാ സ്കൂളിനു സമീപത്തുള്ള റയിൽവേ "ബി" ക്ലാസ്സ് പൂമ്പോക്കസ്ഥലമാണ് സ്റ്റേഷനാവേണ്ടി താൽക്കാലികമായി നിശ്ചയിച്ചിട്ടുള്ളതെന്നറിയുന്നു.

വട്ടതലയ്ക്കു തെക്കോട്ട് പാത്യാസ്സുഭാഗത്തു് എവിടെയെങ്കിലും ഒരു റയിൽവേസ്റ്റേഷൻ സ്ഥാപിക്കണമെന്ന് 1935 മുതൽ നിരന്തരമായി റയിൽവേ അധികൃതർക്ക് മെമ്മോറാണ്ടം സമർപ്പിച്ചിട്ടുള്ള ശ്രീ. ഏ. ചാക്കോ പുള്ളുമൊരുമ്പിച്ചാണ് റയിൽവേ അധികൃതർ സ്ഥലപരിശോധനനടത്തിയതു്. തൽസമയം ധാരാളം പൊതുനേതാക്കളും ഉദ്യോഗസ്ഥസംഘത്തെ അനുഗമിച്ചിരുന്നു. തൽക്കാലം വട്ടതലയിൽ ഒരു ഹോൾട്ടിങ്ങ് സ്റ്റേഷൻ സ്ഥാപിക്കാനാണ് ഇടയുള്ളതെന്നറിയുന്നു. [സ്വ ലേ]

ചേരിചേരാ രാഷ്ട്രങ്ങളുടെ സന്ദേശത്തിനു മറുപടി

നിരുപാധികം ചർച്ചകളിൽ പങ്കെടുക്കുവാൻ അമേരിക്ക തയ്യാർ

[റോയിട്ടർ] വാഷിംഗ്ടൺ ഏ. 9

നിരുപാധികമായ ചർച്ചകളിൽ പങ്കെടുക്കുവാൽ അമേരിക്ക തയ്യാറാണെന്ന് വിയാറ്റ്നാം സംബന്ധിച്ച് ചേരിചേരാരാഷ്ട്രങ്ങൾ ഇയ്യിടെ നൽകിയ സന്ദേശത്തിന് മറുപടിയായി പ്രസിഡണ്ട് ജോൺസൺ ആവർത്തിച്ചുപ്രഖ്യാപിച്ചിരിക്കുന്നു.

പുറമെനിന്നുള്ള ഇടപെടലുകളിൽ നിന്നും സ്വതന്ത്രമായുകയും സ്വന്തം ഭാവി നിശ്ചയിക്കുവാൻ കഴിവുണ്ടാകയും ചെയ്യുന്നതോടെ ദക്ഷിണ വിയറ്റ്നാമിൽനിന്നും തങ്ങളുടെ സൈന്യത്തെ പിൻവലിക്കുവാൻ അമേരിക്ക സന്നദ്ധമാണെന്നും അദ്ദേഹം പറഞ്ഞു.

ഏപ്രിൽ ഒന്നാംതിയതി ഈ സന്ദേശം കൊണ്ടുവന്ന 4-അഫ്രോഷ്യൻ-ഏഷ്യൻ രാജ്യപ്രതിനിധികൾ വിയറ്റ്നാമിലെ പ്രശ്നത്തിന്റെ രാഷ്ട്രീയപരിഹാരത്തിനുള്ള ഒരു ഫോർമുല തയ്യാറാക്കുവാൻ ഇപ്പോൾ അഭിമുഖീകരിക്കുന്ന ജോലികൾക്ക് എല്ലാ ബുദ്ധിമുട്ടുകളേയും ചിന്താഗതികളാണ് ആവശ്യം. എന്തെന്നാൽ വിജ്ഞാനത്തിനു് യാതൊരു അളവുകോലുകളുമില്ല.

ഉയർന്ന പ്രദേശങ്ങളിലെ പ്രവർത്തനത്തിൽ മനുഷ്യികലകം ഒരു അതിപ്രധാനപങ്ക് വഹിക്കുന്നുണ്ടെന്നതു് സുനിശ്ചിതമത്രേ. യാന്ത്രികോപാധികളും മനുഷ്യനെ കൂടുതൽ സഹായിക്കുമെങ്കിലും ആത്യന്തികമായ തീരുമാനമെടുക്കേണ്ടതു് യന്ത്രമല്ല മനുഷ്യനാണു്. കമാൻഡർ-ഇൻ-ചീഫിന്റെ സ്ഥാനവും ഭാവിയിൽ കംപ്യൂട്ടർ-ഇൻ-ചീഫ് നിയമിക്കപ്പെടില്ല.

ചൈനീസ് ആക്രമണം

സൈനികകാര്യങ്ങളിലെ അലംഭാവത്തിൽനിന്നും അലസതയിൽനിന്നും 1962-ലെ ചൈനീസ് ആക്രമണം നമ്മെ തട്ടിയുണർത്തി. ആ ഞെട്ടൽ നമുക്ക് നന്മവരുത്തി. സംഘടനയുടെ കാര്യത്തിൽ സൈനിക ആസ്ഥാനവുമായി ബന്ധപ്പെട്ട മന്ത്രികാര്യാലയങ്ങളിലും വിദേശരീതിയിലുള്ള ചിന്താഗതിയാണ് നിലവിലുണ്ടായിരുന്നതു്. നമ്മുടെ വീക്ഷണഗതികൾക്കനുകരം വിദേശികളുടെ വീക്ഷണഗതികളും അവ എത്രകണ്ടു് മികച്ചതാണെങ്കിലും സ്വീകരിക്കുകയുമല്ല എങ്കിലും വിദേശ വീക്ഷണഗതികൾക്കുള്ളൊരു പ്രവണത നാം കണ്ടുവരുന്നു.

ചൈനീസ് ആക്രമണത്തിനുശേഷം നമ്മുടെ പ്രശ്നങ്ങൾക്ക് സ്വന്ത നിലയിൽ ചിന്തിച്ച് പരിഹാരം കണ്ടെത്തുന്നതിനുള്ള ഒരു ആരംഭം കണ്ടെത്തുകയിരിക്കുന്നു. തന്മൂലം സംഘടന പുനഃസംഘടിപ്പിക്കുന്നതിനു് സാദ്ധ്യമായി. ഈ പരിവർത്തനത്തിലൂടെ ഉപകരണങ്ങളും കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കഴിഞ്ഞു. ഇതിൽ ചില സംഘടനകൾ ഒരു പരീക്ഷണഘട്ട തിലാണെങ്കിലും അവ ഫലപ്രദമായ ഫലങ്ങൾ നൽകുമെന്നു് എനിക്ക് വിശ്വാസമുണ്ട്.

നിരന്തര പഠനം

കഴിഞ്ഞ രണ്ടുവർഷങ്ങളായി കരസേനാ ആസ്ഥാനം പല പ്രശ്നങ്ങളെക്കുറിച്ചും രാജ്യരക്ഷാ ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം ആരാഞ്ഞു. അവരിൽനിന്ന് പല സഹായങ്ങളും ലഭിച്ചുവെന്നു് പറയുവാൻ എനിക്ക് സന്തോഷമുണ്ട്. മിലിട്ടറി പ്രശ്നങ്ങളെക്കുറിച്ച് മിലിട്ടറി കമാൻഡർമാരുടെയും ഗവേഷണ-വികസന സംഘടനയിലെ ശാസ്ത്രജ്ഞന്മാരുടെയും സംയുക്തചിന്തയിൽ നിരന്തര പഠനം നടത്തേണ്ടതുണ്ട്. മൻഗണനാടിസ്ഥാനത്തിൽ പല പ്രശ്നങ്ങളെക്കുറിച്ചും ഇപ്പോൾ പഠനം നടത്തിവരുന്നു.

ഉയർന്ന പ്രദേശങ്ങളിലെ യുദ്ധമുറകൾ സംബന്ധിച്ച് അനുകൂലവും സംയോജിതവുമായ പഠനം തുടങ്ങുകയാണ് ആദ്യംചെയ്യേണ്ടതു്. ഉയർന്ന പ്രദേശങ്ങളിലെയും വിഭിന്നകാലാവസ്ഥകളിലെയും മനുഷ്യന്റെയും മൃഗങ്ങളുടെയും പെരുമാറ്റവും ആയുധോപകരണങ്ങളുടെ പ്രവർത്തനവും ഈ പഠനത്തിനു് പരിഗണിക്കേണ്ടതാണ്. ഈ വീക്ഷണത്തിൽ ഉണ്ടായേക്കാവുന്ന ശാരീരികമായ പരിമിതികളെക്കുറിച്ചും വൈദ്യശാസ്ത്രത്തിനു് എത്രമാത്രം സഹായിക്കാമെന്നതിനെ ക്കുറിച്ചും നമുക്കറിഞ്ഞുകൂടാ. അതുപോലെതന്നെ ആയുധോപകരണങ്ങളുടെയും എഞ്ചിന്റെയും പ്രവർത്തനങ്ങളുടെയും ഉയർന്ന പ്രദേശങ്ങളായ കാശ്മീർ, ലഡാക്ക്, പഞ്ചാബ്, ഹിമാചൽ പ്രദേശ് നേഫ എന്നിവിടങ്ങളിലെ കാലാവസ്ഥ വിദിനമായതുകൊണ്ട് ഒരു പൊതുരീതി കണ്ടുപിടിക്കുന്നതിനു് പ്രയോഗപരമായ വ്യത്യസ്തതകണക്കിലെടുക്കേണ്ടതുണ്ട്.

ഐഹികം മുതൽ പരാത്രികംവരെ

ഐഹികം മുതൽ പാരത്രികംവരെയുള്ള പ്രശ്നങ്ങളെക്കുറിച്ച് ഞങ്ങൾ രാജ്യരക്ഷാശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം ആരാഞ്ഞു. പാറക്കെട്ടുകൾ നിറഞ്ഞ പർവ്വതപ്രദേശങ്ങളിലും വനപ്രദേശങ്ങളിലും മഴയിലും മഞ്ഞിലും സൈന്യങ്ങൾക്ക് കാര്യക്ഷമമായി ഉപയോഗിക്കാവുന്ന പാദുകങ്ങൾ സംവിധാനംചെയ്യേണ്ടതുണ്ട്. തണുപ്പുകാലവസ്ത്രങ്ങൾ അതുപോലെതന്നെ അത്യാവശ്യമായിത്തീരണമെങ്കിൽ സുരക്ഷിതത്വ നിബന്ധനകളിൽ അതിനെ പരിമിതപ്പെടുത്താൻ പാടില്ല. ഈ വിഭിന്ന ആവശ്യങ്ങളുമായി എന്തുമാത്രം പൊരുത്തപ്പെടാൻ കഴിയും? ഈ കാര്യത്തിൽ ശാസ്ത്രജ്ഞനാണ് ഏറ്റവും നല്ല ഉപദേഷ്ടാവു്.

പാക്കിങ്ങിന്റെ കാര്യത്തിലും പഴയ സമ്പ്രദായമാണ് നാം സ്വീകരിച്ചിട്ടുള്ളതു്. ആധുനിക വ്യോമ പ്രതിരോധത്തിലാണ് നാം ഇപ്പോൾ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതു്. നാം ഉപയോഗിക്കുന്ന വിമാനങ്ങൾ ശത്രുവിമാനങ്ങളെക്കാൾ വളരെ പഴയവയാണ്. നമ്മുടെ 'മിസൈൽ ടെക്ക്നോളജി'യും വളരെ താണപടിയിലത്രേ.

ചൈന വെട്ടിപ്പിടിച്ച ഇന്ത്യൻ മണ്ണ്

ഇവയുടെ സംരക്ഷണം നടപ്പാക്കുന്നതോടെ തന്നെയാണ് ഇന്ത്യയിൽനിന്നും ചൈന വെട്ടിപ്പിടിച്ച് കൈവശം വെച്ചിരിക്കുന്ന പ്രദേശത്തിന്റെ കാര്യം. നാല്പതിനായിരംചതുരശ്രനാഴിക ഇന്ത്യൻ മണ്ണ് ചീനയുടെ കൈവശം ഇന്നും കിടക്കുകയാണ്. ആയിരക്കണക്കിന് ഇന്ത്യൻ പട്ടാളക്കാരെ കൊന്നൊടുക്കിക്കൊണ്ടാണ് ചൈന ഈ വെട്ടിപ്പിടുത്തം നടത്തിയതു്. പഞ്ചശീലത്തിന്റെ പ്രഖ്യാപനകർത്താവായ നമ്മുടെ പ്രധാനമന്ത്രിക്കുതന്നെയായിരുന്നു ഈ വിശ്വാസവഞ്ചനയുടെ ഞെട്ടൽ ഏറ്റവും നല്ലപോലെ അനുഭവപ്പെട്ടതു്. ഇന്ത്യൻ പ്രധാനമന്ത്രിയുടെ ഭീഷണി; ഉത്തരകൊറിയയുടെ സംരക്ഷണം; ഇന്തോനേഷ്യയുടെ മലേഷ്യയുമായുള്ള കുഴപ്പം തിബത്തിലെ നില അങ്ങനെ ചൈനയുടെ സൈനിക ശക്തിയെമാത്രം ആശ്രയിച്ചു കഴിയുന്ന പല പ്രദേശങ്ങളുമുണ്ട്.

പെക്കിങ്ങിന്റെ പേടി

പക്ഷെ, ഇന്നത്തെ പരിതസ്ഥിതിയിൽ ചൈനീസ് സൈനികശക്തിക്ക് ഇന്ത്യൻ അതിർത്തിയിലുണ്ടായേക്കാവുന്ന ഒരാക്രമണത്തെ നേരിടാൻ മാത്രം കഴിവുണ്ടോ? ചൈനയുടെ പാട്ടാള സജ്ജീകരണങ്ങളിൽ വമ്പിച്ചൊരുഭാഗം ഉത്തരവിയറ്റ്നാമിലേക്ക് നീങ്ങുകയോ നീക്കിക്കൊണ്ടിരിക്കുകയോ ചെയ്യുന്നുണ്ട്. ഈ സന്ദർഭത്തിൽ ഇന്ത്യ ആഞ്ഞടിച്ചാൽ ഒന്നുമുന്നോറായാൽപെട്ടിപ്പിടിച്ചിരിക്കുന്ന പ്രദേശം വീണ്ടെടുക്കുവാൻ ഇന്ത്യക്ക് കഴിഞ്ഞേക്കും എന്നു് പെക്കിങ്ങിന് മനസ്സിലാക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ അത്തരമൊരു ഇന്ത്യൻ സൈനികനീക്കം ഒഴിവാക്കുക എന്നതാണ് ചൈനയുടെ അടിയന്തിരവും അനപേക്ഷണീയവുമായ ആവശ്യമാണ്. അതിനുള്ള കളമൊരുക്കലാണ് ചൌ-എൻ-ലായി ഇന്നു് നടത്തിക്കൊണ്ടിരിക്കുന്നതെന്ന കാര്യത്തിൽ സംശയമില്ല. ചൌ എൻ-ലായിയുടെ പാക്കിസ്ഥാൻ സന്ദർശനവും ഷേക്ക് അബ്ദുള്ളയുമായുള്ള ശ്രീനഗർ ചർച്ചയുമെല്ലാം ഈ പരിതസ്ഥിതിയിൽ വമ്പിച്ച പ്രാധാന്യമർഹിക്കുന്നു. പാക്ക് അതിർത്തിയിൽനിന്നും ഇന്ത്യൻ പ്രദേശങ്ങളിലേക്കുള്ള നഴഞ്ഞുകയറ്റവും ആക്രമണവും ചൈനപോസ്റ്റ് സ്ഥാപിക്കലുകളും വെടിവെപ്പുമെല്ലാം ചൈനക്കുവേണ്ടിയുള്ള പാക്കിസ്ഥാന്റെ നടപടികളാണ്. ഇന്ത്യാഗവണ്മേണ്ടിന്റെ മുഴവൻ ശ്രദ്ധയും പാക്ക് അതിർത്തിയിലേക്കും കാശ്മീരിലേയ്ക്കും തിരിച്ചുവിടുകയെന്നതാണ് അവരുടെ ലക്ഷ്യം- സൈനികശക്തിയുടെ നല്ലൊരു ഭാഗം പാക്കിസ്ഥാൻ സേനയെ നേരിടുന്നതിനും അതിർത്തിയിലും കാശ്മീരിലും വിനിയോഗിക്കേണ്ടിവരും. വടക്കൻ അതിർത്തിയിൽ ചൈന പുതിയ പ്രകോപനങ്ങൾ കനം സൃഷ്ടിക്കുകയുമില്ല. 'സ്റ്റാറാസ്സേ' നിലനിർത്തുകമാത്രം ചെയ്യും. വടക്കൻ അതിർത്തിയിലെ സൈനികകേന്ദ്രീകരണത്തിലും പടക്കോപ്പുകളിലും, വിയറ്റ്നാം പ്രശ്നത്തിന്റെ പേരിൽ കുറവുവരുത്തുന്ന തഞ്ചംനോക്കി ഇന്ത്യ അവളുടെ പ്രദേശം വീണ്ടെടുക്കുവാൻ ശ്രമം നടത്തിയെങ്കിലോ എന്നതാണ് പെക്കിങ്ങിന്റെ പേടി. അതിനാണ് ഇന്ത്യയുടെ ശ്രദ്ധ പുതിയ കുഴപ്പങ്ങൾ ഉണ്ടാക്കുന്ന പാക് അതിർത്തിയിലേക്ക് നീങ്ങേണ്ടതു്. അങ്ങനെ നീങ്ങുമ്പോൾ ചൈനയ്ക്ക് ഇന്ത്യനതിർത്തിയിലെ ഇന്ത്യൻ സേനയെ നേരിടുന്നതിനെപ്പറ്റി ചിന്തിക്കേണ്ടതില്ലല്ലൊ. വിയറ്റ്നാമിൽ നല്ല കേന്ദ്രീകരണവും നടത്താം.

ചൈനയുടെ ഇന്നത്തെ സ്ഥിതിയെ ഇന്ത്യാഗവണ്മേണ്ട് വ്യക്തമായും ഉപയോഗപ്പെടുത്തുമെങ്കിൽ മാത്രമേ നമുടെ നഷ്ടപ്പെട്ട ഭൂമി തിരിച്ചുപിടിക്കുന്നതിനാവശ്യമായ ജനകീയാഭിപ്രായത്തെ ഉണർത്തിവിടുവാൻ കഴിയുകയുള്ളൂ.

—

ജ്ഞനും ഭടനും തന്നിച്ചു ജീവിക്കുന്നതിനും ജോലി ചെയ്യുന്നതിനും ഉള്ള കഴിവുണ്ടെങ്കിൽ അവർ തമ്മിലുള്ള സംയോജനത്തിനു് അധികം വഴി തെളിക്കും.

നമ്മുടെ പ്രശ്നങ്ങളെയും ഓരോരുത്തരുടെ പ്രശ്നങ്ങളെയും വിനയപൂർവ്വം പരസ്പരബഹുമാനത്തോടെ നമുക്കു സമീപിക്കാം. ഭടനും ശാസ്ത്രജ്ഞനും തമ്മിലുള്ള ബന്ധം ഒരു അടിസ്ഥാനശിലയായിത്തീരുമെന്നും അതിനാൽ ഇന്ത്യയുടെ രാജ്യരക്ഷ കെട്ടിപ്പടുക്കുമെന്നും എനിക്ക് ഉറപ്പുണ്ട്.

—

പെക്കിങ്ങ്-പിണ്ടി ഗൂഢാലോചന

ഉത്തര വിയറ്റ്നാമിലേയ്ക്കു് ചീനപ്പടയെ നീക്കുന്നതോടെ വടക്കൻ അതിർത്തിയിൽനിന്നും ഇന്ത്യൻ സേനയുടെ ശ്രദ്ധതിരിക്കാൻ പെക്കിങ്ങിന്റെ പ്ലാൻ

— വർഗ്ഗീസ് മേച്ചേരി —

പാക്കിസ്ഥാൻ അതിർത്തിയോടു് തൊട്ടുകിടക്കുന്ന ഇന്ത്യൻ പ്രദേശങ്ങളുമ്പെങ്ങുമുണ്ടായിട്ടില്ലാത്ത ഒരാക്രമണത്തെ നേരിടുകൊണ്ടിരിക്കുകയാണിപ്പോൾ. പാക്കിസ്ഥാന്റെ പട്ടാളം ഒരു വെട്ടിപ്പിടിത്തത്തിന്റെ കുള്ളക്കണ്ണുമായി, അലറിവന്ന തോക്കുമായി, ഭീഷണിയുടെ മൂർത്തിയായ മുഷ്ടിയുമായി അണിനിരന്നതല്ലിപ്പോൾ. കാശ്മീരിൽ, അസ്സാമിൽ, ബങ്കാളിൽ, പഞ്ചാബിൽ അങ്ങനെ എവിടെയൊക്കെ പാക് അതിർത്തികളുമായി ബന്ധപ്പെട്ടുകിടക്കുന്ന ഇന്ത്യൻ പ്രദേശങ്ങളുണ്ടോ അവിടെയെയെക്കെതന്നെ പാക്കിസ്ഥാന്റെ പട്ടാളം കനത്ത വെടിവെപ്പുകൊണ്ടു നടത്തിക്കൊണ്ടിരിക്കുകയാണ്.

വെടിവെപ്പും വെടിനിർത്തൽ കരാറുകളും.

ഓരോ വെടിവെപ്പിനേയും ഇന്ത്യ പ്രതിഷേധിക്കുന്നു. വെടിനിർത്തലിനു് കൂടിയാലോചന വേണമെന്നും പറയുന്നു. അങ്ങനെ നടത്തപ്പെടുന്ന കൂടിയാലോചനയെത്തുടർന്നു് വെടിനിർത്തൽ കരാറുകളുണ്ടാകുന്നു. ഒരു പ്രദേശത്തു് വെടിനിർത്തൽ കരാർ പ്രാബല്യത്തിൽ വരുന്നതോടെ പുതിയൊരു പ്രദേശത്തു് പാക്കിസ്ഥാൻ വെടിവെപ്പു്, ആരംഭിക്കുകയായി. കനത്ത വെടിവെപ്പു്. ജനങ്ങൾപരിഭ്രാന്തരായി പരക്കം പായുന്നു. അപ്പോൾ കയ്യേറ്റം നടത്തി ചെക്ക് പോസ്റ്റുകൾ പോലും സ്ഥാപിച്ചു് പാക്കിസ്ഥാൻ പ്രകോപനത്തിനു സൃഷ്ടിക്കുന്നു. വീണ്ടും കൂടിയാലോചനകൾ; വെടിനിർത്തൽ കരാറുകൾ; പുതിയ സ്ഥലങ്ങളിൽ വീണ്ടും വെടിവെപ്പുകൾ.

ഒരു പ്രകോപനവുമില്ലാതെ പാക്കിസ്ഥാൻ നടത്തുന്ന ഈ ആക്രമണത്തെ നേരിടുന്നതിനു് ഇന്ത്യൻ പട്ടാളം തയ്യാറെടുക്കുകയെന്നതു് സ്വാഭാവികമാണു്. ഇന്ത്യയെസംബന്ധിച്ചേടത്തോളം അതിന്റെ മുഴവൻ സൈനിക ശ്രദ്ധയും ഇന്ത്യ-പാക് അതിർത്തികളിലേയ്ക്കു് നീങ്ങുകയും ചെയ്യും.

കർ ഈ യോഗത്തിൽ സംബന്ധിച്ചു. ഡോ. എം. എസ്. മേനോൻ യോഗത്തിൽ അദ്ധ്യക്ഷനായിരുന്നു. ഡോ. എം. എസ്. മേനോൻ യോഗത്തിൽ അദ്ധ്യക്ഷവഹിച്ചു.

ഇറിഗേഷൻ അധികാരികളെ സന്ദർശിച്ച് നിവേദനം നടത്താനും യോഗം നിശ്ചയിച്ചു. പുത്തൂർ പിറയിലും പരിസരങ്ങളിലും മണ്ണും പിടിക്കുന്നതുമൂലം വെള്ളം കേറുവരുന്നതിനാൽ അതു തടയണമെന്നും യോഗം അഭ്യർത്ഥിച്ചു.

....

ഗൂഢാലോചന

ഇതിന്റെ പിന്നിൽ കമ്യൂണിസ്റ്റ് ചൈനയുടേയും പാക്കിസ്ഥാന്റേയും വഞ്ചനാപരവും തന്ത്രപരവുമായ ഒരു ഗൂഢാലോചന ഒളിഞ്ഞിരിക്കുന്നുണ്ടെന്ന വസ്തുത മനസ്സിലാക്കുവാൻ നമ്മുടെ ഇന്ത്യൻ ഭരണാധികാരികൾക്ക് കഴിഞ്ഞിട്ടില്ലെന്നതു് തികച്ചും ഖേദകരമായിപ്പോയിരിക്കുന്നു. എന്തായാലും ആ ഗൂഢാലോചന? ചൌ-എൻ-ലായി പാക്കിസ്ഥാനിലെത്തുന്നതും അയ്യൂബും ഭുട്ടോയുമായി കൂടിയാലോചിക്കുന്നതും ഷേക് അബ്ദുള്ളയെക്കൊണ്ടു് ചാടിക്കുന്നതും എല്ലാം; ഈ ഗൂഢാലോചനയുടെ ഭാഗങ്ങളാണ്. വിയറ്റ്നാമിൽ നടക്കുന്ന യുദ്ധത്തിനും ഈ കൂടിയാലോചനകൾക്കും വളരെ ബന്ധമുണ്ട്. കമ്യൂണിസ്റ്റ് ചൈന അതിന്റെ സമ്പൂർണ്ണശക്തിയും വിനിയോഗിച്ച് ഉത്തരവിയറ്റ്നാമിലെ അമേരിക്കൻ ഇടപെടലിനെ ചെറുക്കാൻ ബാധ്യസ്ഥയായിരിക്കുകയാണ്. എന്നാൽ ലക്ഷ്യം അമേരിക്കൻ സേനയെ, സമ്പൂർണ്ണസജ്ജീകരണങ്ങളോടും കൂടി ദക്ഷിണവിയറ്റ്നാമിനെ സഹായിക്കുന്നതിനായി വിട്ടുകൊടുക്കുവാൻ വാഷിംഗ്ടൺ തീരുമാനിച്ചുകഴിഞ്ഞിരിക്കുന്നു. അമേരിക്കയുടെ സൂശിക്ഷിതരായ ഒന്നോ രണ്ടോ ലക്ഷത്തെ നേരിടുന്നതിനു് അതിന്റെ എത്രയോ ഇരട്ടി ചൈനീസ് സേനയെ വിനിയോഗിക്കേണ്ടിവരുമെന്ന സത്യം ആക്കം വിസ്മരിക്കുവാനാവില്ല. പടക്കോപ്പുകളുടെ സജ്ജീകരണങ്ങളോ? ചൈനയുടെ മുഴവൻ സായുധസജ്ജീകരണങ്ങളുടെയും നല്ലൊരുഭാഗത്തെന്നെയിയറ്റ്നാമിലേക്കുനിക്കേണ്ടിവരുമെന്നതാണ് ഫോർമോസയുടെ ഭീഷണി; ഉത്തരകൊറിയയുടെ സംരക്ഷണം; ഇന്തോനേഷ്യയും മലേഷ്യയുമായുള്ള കുഴപ്പം തിബത്തിലെ നില അങ്ങനെ ചൈനയുടെ സൈനിക ശക്തിയെമാത്രം ആശ്രയിച്ചു കഴിയുന്ന പല പ്രദേശങ്ങളുമുണ്ട്.

....

കീഴടക്കൽ പിൻഗാമി

ശ്രീനഗർ-പാക്കിസ്ഥാൻ

സ്കൂൾകച്ചവടക്കാർ ഇക്കുറി കാത്തിരിക്കേണ്ട

വേണമെങ്കിൽ ഒരു പിടി അംഗീകൃത സ്കൂളുകൾ തരാമെന്ന് ഉമാശങ്കർ

സ്വ. ലേ. എറണാകുളം, ഏ. 10

എയിഡഡ് സ്കൂളുകളോ, ഗവ. സ്കൂളുകളോ ഈവർഷം തുടങ്ങുന്നതിന് അനുവദിക്കുന്നതല്ലെന്നും, എന്നാൽ ഗവർമ്മേണ്ടിനു സാമ്പത്തികവ്യയം ഇല്ലാത്തതും വിദ്യാഭ്യാസ ചട്ടങ്ങൾക്കു വിധേയമായി പ്രവർത്തിക്കുന്നതുമായ അംഗീകൃത സ്കൂളുകൾ തുടങ്ങുന്നതിന് ആവശ്യമെന്നു തോന്നുന്നപക്ഷം അനുമതി നൽകുന്നതാണെന്നും വിദ്യാഭ്യാസ ഡയറക്ടർ ശ്രീ ഉമാശങ്കർ പ്രസ്താവിച്ചിരിക്കുന്നു.

മൂന്നാം പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതനുസരിച്ച കേരളത്തിൽ ആവശ്യത്തിനു സ്കൂളുകൾ ഉണ്ടായിട്ടുണ്ടെന്നും അതുകൊണ്ടാണു കൂടുതൽ എയിഡഡ് സ്കൂളുകൾ അനുവദിക്കാത്തതെന്നും പത്രപ്രതിനിധികളോടു പറഞ്ഞു.

കഴിഞ്ഞ രണ്ടു ദിവസമായി ഇവിടെ നടന്നുവന്നിരുന്ന ഡി. ഇ. ഒ. മാരുടെ സമ്മേളനം ഇന്നു സമാപിച്ചു. സമ്മേളനത്തിൽ വിദ്യാഭ്യാസ ഡയറക്ടർ ശ്രീ. ഉമാശങ്കർ ആദ്ധ്യക്ഷംവഹിച്ചു. മൂന്നു റീജനൽ ഡയറക്ടർമാരും 34 ഡി. ഇ. ഒ. മാരും കോൺഫറൻസിൽ പങ്കെടുത്തു. അടുത്ത വർഷത്തേയ്ക്കുള്ള ഭരണപരമായ കാര്യങ്ങളെക്കുറിച്ചാണ് കോൺഫറൻസ് ചർച്ചചെയ്തതെന്നു ഡയറക്ടർ വെളിപ്പെടുത്തി.

ഇന്നലത്തെ സമ്മേളനത്തിൽ സ്കൂൾ മാനേജർമാരുടെയും ഹെഡ്മാസ്റ്റർമാരുടെയും എയിഡഡ് സ്കൂൾ ടീച്ചേഴ്സ് അസോസിയേഷന്റെയും പ്രതിനിധികളെ പങ്കെടുപ്പിച്ചിരുന്നു.

കഴിഞ്ഞവർഷം അനുവദിച്ച സ്കൂളുകളുടെ ഫിററ്നസ് സർട്ടിഫിക്കെററ്, മെയിൻറനൻസ് ഗ്രാൻറ് തുടങ്ങി ഒട്ടനവധി കാര്യങ്ങൾ ചർച്ചചെയ്തുവെന്ന ദ്ദേഹം പറഞ്ഞു.

വരുന്നവർഷം പ്രവേശനത്തിനുവരുന്ന എല്ലാവിദ്യാർത്ഥികൾക്കും പ്രവേശനം നൽകണമെന്നാണ് ഉദ്ദേശ്യം.

സ്കൂൾപ്രവേശനത്തിന് എന്തെങ്കിലും പ്രതിഫലം ആരെങ്കിലും വാങ്ങുന്നുണ്ടെങ്കിൽ അതു നിരുത്സാഹപ്പെടുത്താൻ ഗവർമ്മേണ്ട് തീരുമാനിച്ചിട്ടുണ്ട്.

സ്കൂൾ തുറക്കുന്നതിന് രണ്ടാഴ്ച മുമ്പ് മുതൽ പ്രവേശനം അനുവദിക്കും. എന്നാൽ ഒന്നാംക്ലാസ്സിൽ സ്കൂൾ തുറന്ന് അഞ്ചുദിവസത്തേയ്ക്കു പ്രവേശനം അനുവദിക്കുന്നതാണ്.

1963-64-ൽ 37 ലക്ഷം വിദ്യാർത്ഥികളും 1964-65-ൽ 40 ലക്ഷം വിദ്യാർത്ഥികളും നമ്മുടെ സ്കൂളുകളിൽ പഠിക്കുന്നുണ്ടായിരുന്നു. വരുന്ന വർഷം രണ്ടോ മൂന്നോ ലക്ഷംകൂടി വർദ്ധിക്കുവാനാണ് സാദ്ധ്യത.

കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നല്കുമ്പോൾ ഷിഫ്റ്റിനു പകരം രണ്ടു സെററ് അദ്ധ്യാപകരെ വെച്ച് സെഷനൽ ക്ലാസ്സുകൾ നടത്തുന്നതിന് ഉദ്ദേശിക്കുന്നു. ഇതു യു. പി. സ്കൂളിലും ഹൈസ്കൂളിലും ആവശ്യമെങ്കിൽ ബാധകമാക്കും. ഇംഗ്ലീഷ് മീഡിയം ഒരു ക്ലാസ്സിൽ ഒരു ഡിവിഷൻ വീതം മാത്രമേ അനുവദിക്കുകയുള്ളു.

പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്ക് വരുന്നവർഷവും സൌജന്യമായി പുസ്തകം വിതരണം ചെയ്യുന്നതാണ്.

375 ലക്ഷം ക ചെലവ്

അടുത്ത വർഷം 375 ലക്ഷം ക. സംസ്ഥാനമൊട്ടാകെ വിദ്യാഭ്യാസരംഗത്തു ചിലവഴിക്കും. ഇതിൽ സ്കോളർഷിപ്പ്, ലൈബ്രറിഗ്രാൻറ്, സാംസ്കാരിക സംഘടനകൾക്കുള്ള ഗ്രാൻറ് എന്നിവയും ഉൾപ്പെടുന്നുവെന്നദ്ദേഹം പറഞ്ഞു.

ഇന്നു സംസ്ഥാനമൊട്ടാകെ 35000 ഗവ: അദ്ധ്യാപകരും 80000 പ്രൈവററ് അദ്ധ്യാപകരുമുണ്ട്. ഗവർമെൻറ് അദ്ധ്യാപകർക്ക് തുല്യമായ എല്ലാ ആനുകൂല്യങ്ങളും 1964 നവം. 1 മുതൽ മുൻകാലപ്രാബല്യത്തോടുകൂടി അടുത്ത സ്കൂൾ വർഷം മുതൽ നൽകുന്നതാണെന്ന് അദ്ദേഹം പറഞ്ഞു. (സ്വ. ലേ)

പല്ല് വൈദ്യത്തിന് ലയിസർരശ്മി

ന്യൂഡൽഹി ഏപ്രിൽ 10

അമേരിക്കൻ ദന്തശാസ്ത്രവിദഗ്ദ്ധന്മാരുടെ പരീക്ഷണഫലമായി ഭാവിയിൽ പല്ലുകൾക്കുണ്ടാകുന്ന കേടുകളെ ലയിസർരശ്മി പ്രയോഗിച്ച് തടയാമെന്ന് കണ്ടുപിടിച്ചിരിക്കുന്നു. ലയിസർരശ്മി ദന്തരോഗങ്ങൾക്കുപയോഗിക്കുന്നതിന്റെ ഫലമായി ഇന്ന് നാം ചികിത്സാസമയത്ത് സഹിക്കുന്ന വേദന കൂടുതൽ അനുഭവിക്കേണ്ടതായി വരികയില്ല.

ലയിസർരശ്മിയുടെ മറെറാരു പ്രത്യേകത മററു രശ്മികൾപോലെ ഇതു ചുററുപാടും പരക്കുന്നില്ല. അമേരിക്കയിലെ പ്രിൻസി നാട്ടിൽ എന്ന സ്ഥലത്ത് മോണവീക്കം, പല്ലുവേദന തുടങ്ങിയവയ്ക്ക് ലയിസർരശ്മിവളരെ വിശേഷപ്പെട്ട ഒരു ചികിത്സാരീതിയാണെന്ന് ദന്തരോഗ വിദഗ്ദ്ധന്മാർ തെളിയിക്കുകയുണ്ടായി. പല്ലുകളുടെ ഇനാമിലിനും മോണയ്ക്കും, പല്ലിനും യാതൊരുകോട്ടം വരുത്താതെ തിളക്കം വരുത്തുന്നതിനും ഈ രശ്മി മൂലം സാദ്ധ്യമാണ്.

കേരളാ പ്രസ്

ഇന്ത്യാ-പാക്കിസ്ഥാൻ ഉദ്യോഗസ്ഥസമ്മേളനം

[പി. ടി. ഐ.] ഡക്ക ഏ. 9

ഇന്ന് ഇവിടെവെച്ച് ആരംഭിച്ച പശ്ചിമബംഗാൾ ചീഫ് സിക്രട്ടറിയുടേയും പാർവ്വപാക്കിസ്ഥാൻ ചീഫ് സിക്രട്ടറിയുടേയും സമ്മേളനം അഞ്ചുമണിക്കൂർ നേരം ചർച്ചചെയ്തശേഷം നാളെരാവിലേയ്ക്കു നീട്ടിവെച്ചിരിക്കുന്നു.

ഉദ്യോഗസ്ഥന്മാർക്ക് പരസ്പരം ഗതാഗതസൌകര്യമുണ്ടാക്കുന്ന പ്രശ്നവും സംഘർഷം ലഘൂകരിക്കുന്നതിനുള്ള നടപടികളെപ്പററിയുമായിരുന്നു സമ്മേളനം ചർച്ചചെയ്തതു്.

ഇരുകൂട്ടർക്കും യോജിച്ച ഒരു തീരുമാനം നാളെ ഉണ്ടാകുമെന്ന് ഇരുവിഭാഗത്തിന്റേയും വക്താക്കൾ പി. ടി. ഐ. യോടു പ്രത്യേകം പ്രത്യേകം പ്രസ്താവിച്ചു.

....

പെണ്ണിന്റെ പവറ്

കോട്ടയം ഏ. 10

പടിഞ്ഞാറൻ രാജ്യങ്ങളിൽചെയ്യുന്നപോലെ ഇന്ത്യയിലെ ബാങ്കുകളിലും മററ് സാമ്പത്തികസ്ഥാപനങ്ങളിലും കൂടുതൽ സ്ത്രീകളെ ജോലിയിലേർപ്പെടുത്തണമെന്ന് സിൻഡിക്കേററ് ബേങ്കിന്റെ ചെയർമാനായ ഡോ. ററി. എം. എ. പൈ ഉൽബോധിപ്പിച്ചിരിക്കുന്നു.

സ്ത്രീകളുടെ കയ്യിൽ ബാങ്ക്പ്രവർത്തനം ഏല്പിച്ചുകൊടുക്കുകയാണെങ്കിൽ ബാങ്കുകൾ ഇന്നുള്ളതിനേക്കാളേറെ സാമ്പത്തികശേഷിയുള്ളവയാകുമെന്നും ബാങ്ക്ജോലികൾ കൂടുതൽ ഭംഗിയായി നടക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. അങ്ങിനെ സ്ത്രീകൾ ബാങ്കുകളിൽ ജോലിചെയ്യുകയാണെങ്കിൽ പുരുഷന്മാർ ബാങ്കിൽ പണം നിക്ഷേപിക്കുന്നതാണെന്നും അദ്ദേഹം പറഞ്ഞു.

ഇന്ന് മറവിൽക്കഴിയുന്ന പണം പൊതുജനങ്ങൾ ബാങ്കുകളിൽ നിക്ഷേപിക്കയാണെങ്കിൽ ഇന്ത്യയ്ക്ക് വിദേശങ്ങളിൽനിന്ന് പണം കടംവാങ്ങിക്കാതെ കഴിച്ചുകൂട്ടുവാൻ സാധിക്കുന്നതാണെന്നും മി. പൈ പറഞ്ഞു.

....

തലസ്ഥാനത്തുനിന്ന്

[സ്വ. ലേ] തിരുവനന്തപുരം, ഏ. 9

അഡൈ്വസർ ശ്രീ. ഗോവിന്ദ്നാരായൺ നാളെ ഡൽഹിയിലേക്കു പോകുന്നതാണ്. 11-ാംതീയതിമുതൽ 18-ാം തീയതിവരെ കേന്ദ്രഗവമ്മെൻറുദ്യോഗസ്ഥന്മാരുമായി ചർച്ചകൾ നടത്തിയശേഷം 19-ാംതീയതി അദ്ദേഹം തിരുവനന്തപുരത്ത് തിരിച്ചെത്തും.

പ്രിസൺ ഐ. ജി

പ്രിസൺ ഐ. ജി. ശ്രീ. വി. രാഘവൻനായർ ഔദ്യോഗികാവശ്യങ്ങൾ പ്രമാണിച്ച് ഏപ്രിൽ 13-ാംതിയതി കായങ്കുളവും, 14-ാംതിയതി എറണാകുളവും, 15-ാംതിയതി കോഴിക്കോടും, 16-ാംതിയതി തൃശ്ശൂരും, 17-ാംതിയതി കോട്ടയവും സന്ദർശിക്കുന്നതാണ്. 17-ാംതിയതി വൈകുന്നേരം അദ്ദേഹം തിരുവനന്തപുരത്ത് തിരിച്ചെത്തും.

അപ്പലേററ് ട്രൈബൂണൽ ചെയർമാൻ

കോട്ടയം ജില്ലാ ജഡ്ജി ശ്രീ. ജി. രാഘവനെ കാഷികാദായ-വില്പന നികുതി അപ്പലേററ് ട്രൈബൂണലിന്റെ ചെയർമാനായി നിയമിച്ചിരിക്കുന്നു.

ഫൈൻ ആർട്ട്സ് ഫാക്കൾട്ടിഡീൻ

റിട്ടയേർഡ് യൂണിവേഴ്സിററികോളേജ് പ്രൊഫ: ശ്രീ. ആർ. ശ്രീനിവാസനെ കേരളസർവ്വകലാശാലയിലെ ഫൈൻ ആർട്ട്സ് ഫാക്കൽട്ടിഡീനായി നിയമിച്ചിരിക്കുന്നു. ശ്രീ. ജി. എൻ. ബാലസുബ്രഹ്മണ്യം രാജിവച്ച ഒഴിവിലാണ് നിയമനം.

ഉൽഘാടനം

തമലം നെഹറു സ്മാരക കലാസമിതിയുടെ ഉൽഘാടനം ഏപ്രിൽ 11-ാംനു വൈകുന്നേരം 6 മണിക്ക് മേലാങ്കോട്ട് ദേവീക്ഷേത്രത്തിനടുത്തു കൂടുന്ന യോഗത്തിൽവെച്ചു കോർപ്പറേഷൻ കൗൺസിലർ ശ്രീ. പൂജപ്പുര ഉണ്ണി നിർവ്വഹിക്കുന്നതാണ്. യോഗത്തിൽ ശ്രീ. എൻ. കെ. ആചാരി, ശ്രീ. ജി. ശശി, ശ്രീ. കെ. രത്നാകരൻനായർ എന്നിവർ പ്രസംഗിക്കുന്നതുമാണ്. യോഗാനന്തരം കലാപരിപാടികളും ഉണ്ടായിരിക്കും.

ജയിൽസൂപ്രണ്ടുമാർ

തിരുവനന്തപുരം സെൻട്രൽ ജയിൽ സൂപ്രണ്ട് ശ്രീ. കെ. ചെല്ലപ്പൻപിള്ള സ്കൂൾ അവധി അനുവദിച്ച ഒഴിവിൽ കണ്ണൂർ സെൻട്രൽ ജയിൽ സൂപ്രണ്ട് ശ്രീ. കെ. എൻ. രാഘവൻപിള്ളയെ സ്ഥലം മാററി നിയമിച്ചിരിക്കുന്നു. തിരുവനന്തപുരം സെൻട്രൽ ജയിലിലെ ജയിലർ ശ്രീ. എം. വിശ്വനാഥനെ കണ്ണൂർ സെൻട്രൽ ജയിലിലേക്കു സ്ഥലംമാററിയിട്ടുണ്ട്. അദ്ദേഹം ശ്രീ രാഘവൻപിള്ള തിരിച്ചുവരുന്നതുവരെ സൂപ്രണ്ടിന്റെ ചാർജ്ജുകൂടി വഹിക്കുന്നതാണ്.

പൊതുയോഗം

ഇന്നത്തെ രാഷ്ട്രീയസ്ഥിതിഗതികളെ വിശദീകരിക്കുന്നതിനുവേണ്ടി ആർ. എസ്. പി-യുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 11-ാംനു- വൈകുന്നേരം അഞ്ചുമണിക്ക് കര്യാത്തിഡ്രൈയിനേജ് മൈതാനത്തു് ഒരു പൊതുയോഗം കൂടുന്നതാണ്. യോഗത്തിൽ ശ്രീമാന്മാർ കെ. സി. വാമദേവൻ, എ. ജയന്തൻനായർ, എസ്. വേലപ്പൻനായർ, കെ. പങ്കജാക്ഷൻ എന്നിവർ പ്രസംഗിക്കുന്നതായിരിക്കും.

ഹാൾടിക്കററ് വിതരണം

യൂണിവേഴ്സിററി കാളേജിൽ നടക്കുന്ന യൂണിവേഴ്സിററി പരീക്ഷകൾക്കുള്ള ഹാൾടിക്കററുകൾ വിതരണം ആരംഭിച്ചിരിക്കുന്നു. ഹാൾടിക്കററ് വാങ്ങിയിട്ടില്ലാത്തവർക്ക് ഏപ്രിൽ 12-നു- ആഫീസ് സമയത്തു് അവ വിതരണംചെയ്യുന്നതാണ്.

തിരുവനന്തപുരം ഇൻറർമീഡിയറ്റ് കോളേജിൽ നടക്കാൻപോകുന്ന എഫ് എൽ., ബി. എൽ., വിദ്വാൻ (പ്രലിമിനറിയും ഫൈനലും), പ്രീ-പ്രൊഫഷനൽ എന്നീ പരീക്ഷകൾക്കുള്ള ഹാൾടിക്കററുകളുടെ വിതരണവും ആരംഭിച്ചിട്ടുണ്ട്. ഹാൾടിക്കററ് കിട്ടിയിട്ടില്ലാത്തവർ ഏപ്രിൽ 12-നു- കോളേജിൽ ചെന്നാൽ അതു് വാങ്ങാവുന്നതാണെന്ന് ഇൻറർമീഡിയററ്കാളേജ് പ്രിൻസിപ്പൽ അറിയിക്കുന്നു.

നാലാഞ്ചിറ മാർ തിയോഫീലസ് ട്രെയിനിംഗ്കോളേജിൽ ബി. എഡ്. പരീക്ഷകളുള്ള ഹാൾടിക്കററുകൾ ഏപ്രിൽ 14-നു- കോളേജിൽ വിതരണം ചെയ്യുന്നതാണെന്ന് കോളേജധികൃതർ അറിയിച്ചിരിക്കുന്നു.

....

ബറക്ക് പദ്ധതി റിപ്പോർട്ട് ജൂണിൽ തയ്യാറാകും

ന്യൂഡെൽഹി, ഏ. 10

ആസ്സാമിലെ ബറക്ക് നദിയിൽ ഒരു വിവിധോദ്ദേശ അണക്കെട്ട് പണിയുന്നതിനുള്ള ബാദ്ധ്യതയെക്കുറിച്ച് നിർണ്ണയിക്കുവാനുള്ള റിപ്പോർട്ട് ഇക്കൊല്ലം ജൂണിൽ തയ്യാറാകുമെന്ന് പ്രതീക്ഷിക്കുന്നു. പ്രോജക്ട് റിപ്പോർട്ട് 1966 മദ്ധ്യത്തിൽ തയ്യാറാകുമെന്നും വിശദമായ അന്വേഷണം രണ്ടു വർക്കിംഗ് സീസൺകൊണ്ട് പൂർത്തിയാകുമെന്നും പ്രതീക്ഷിക്കുന്നു.

തുന്നൽ പരിശീലന ക്ലാസ്സ്

കരുവന്നൂർ, ഏപ്രിൽ 9

എട്ടുമന മഹിളാസമാജത്തിന്റെ ആഭിമുഖ്യത്തിലുള്ള തുന്നൽ പരിശീലന കേന്ദ്രത്തിന്റെ ഉൽഘാടനം ചേർപ്പ് ബ്ലോക്ക് ഡവലപ്പ്മെൻറ് ആഫീസർ ശ്രീ. ജേക്കബ്ബ് സാമുവൽ നിർവ്വഹിച്ചിരിക്കുന്നു. ഉൽഘാടനയോഗത്തിൽ ശ്രീ. വി. ആർ. കൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു.

ഗ്രന്ഥവിചാരം

വിവേകാനന്ദൻ-ഒരു വിപ്ലവകാരി

[ഗ്രന്ഥകർത്താവ്:- സി. പി. ശ്രീധരൻ.
പ്രസാധകന്മാർ:- മനോരമ പബ്ളിഷിംഗ് ഹൗസ്,
പി. ബി. 26 — കോട്ടയം
വില. രൂ. 2. പുറം 168

"കേരളം ഒരു ഭ്രാന്താലയമാണെന്ന്" പറഞ്ഞ മഹാനാണ് സ്വാമി വിവേകാനന്ദൻ. അദ്ദേഹം പറഞ്ഞതു് ഏറെക്കുറെ ശരിയാണെന്ന് പിന്നീടുള്ള സംഭവങ്ങൾ തെളിയിച്ചിട്ടുമുണ്ട്. മതത്തിന്റെയും ജാതിയുടേയും വർഗ്ഗത്തിന്റെയും പേരിൽ അക്കാലത്ത് ഇവിടെ നടമാടിയിരുന്ന ഭയങ്കരങ്ങളായ അനീതികളെ കണ്ടുകൊണ്ടാണദ്ദേഹമന്ന് അങ്ങനെ പറഞ്ഞതു്. അങ്ങനത്തെ കലാപങ്ങൾ ഇന്നും പുതിയ കുപ്പായമണിഞ്ഞരങ്ങേറുന്നുണ്ടല്ലോ. തന്മൂലം കേരളത്തിന്റെ പ്രശ്നങ്ങളെക്കുറിച്ച് ചിന്തിച്ചിട്ടുള്ളവർ വിവേകാനന്ദനെക്കുറിച്ച് കേട്ടിട്ടുമുണ്ട്. എങ്കിലും അദ്ദേഹം ഒരു വിപ്ലവകാരികൂടിയായിരുന്നുവെന്ന് ബഹുജനം വേണ്ടതുപോലെ അറിഞ്ഞിട്ടില്ല. ഭാരതത്തിൽ സർവ്വംകഷമായ ചിന്താവിപ്ലവത്തിനു വഴിയൊരുക്കിയ അഗ്രനാമികളിൽ പ്രമുഖനായിരുന്ന ആ പ്രതിഭാശാലി. ഈ യഥാർത്ഥ്യം ശരിയ്ക്കും മനസ്സിലാക്കിയിട്ടുള്ള സാഹിത്യകാരനാണ് ശ്രീ സി. പി. ശ്രീധരൻ. വിവേകാനന്ദസാഹിത്യത്തിൽ ശ്രീധരൻ നല്ല അവഗാഹം നേടിയിട്ടുമുണ്ട്.

വിവേകാനന്ദന്റെ ജീവചരിത്ര പശ്ചാത്തലത്തിൽ അദ്ദേഹത്തിന്റെ വ്യക്തിമാഹാത്മ്യത്തിന്റെയും ചിന്തയുടെയും സമഗ്രമായ ഒരു ചിത്രീകരണം നടത്തുവാനാണ് ഗ്രന്ഥകർത്താവ് ശ്രമിച്ചിട്ടുള്ളതു്. തന്റെ വിജയം ഫലവത്തായിട്ടുണ്ടെന്നു ശ്രീധരന് അഭിമാനിക്കാം. നിരന്തരമായ വായനയുടേയും മനനത്തിന്റെയും ഫലമാണിതെന്ന് നിസ്സംശയം പറയാം.

വിവേകാനന്ദനോട് അമിതമായ ആരാധനാ ഭാവം ഗ്രന്ഥകാരനുണ്ട്. തന്മൂലം ചില സംഭവങ്ങൾ നല്ലതുപോലെ ചായം തേച്ച് അവതരിപ്പിച്ചിട്ടുമുണ്ട്.

ആകെ പതിനാറു അദ്ധ്യായങ്ങളാണിതിലുള്ളതു്. സ്വാമികളുടെ ജനനം, വിദ്യാഭ്യാസം, വളർച്ച, വിദേശപര്യടനം എന്നിവയെക്കുറിച്ച് വിസ്തരിച്ച് പ്രതിപാദിച്ചിട്ടുണ്ട്. എങ്കിലും സ്വാമികളുടെ വ്യക്തിത്വത്തിലേയ്ക്കും, ജീവിതത്തിലേയ്ക്കും, സിദ്ധാന്തങ്ങളിലേയ്ക്കും വെളിച്ചം വീശുന്ന കാര്യത്തിലായിരുന്നു ശ്രീധരന്റെ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നതു്. വിവേകാനന്ദന്റെ ദേശാഭിമാനോജ്ജ്വലവും രാഷ്ട്രീയ ബോധോത്തേജകവും ജനകോടികളുടെ വിമോചനപരവുമായ വിപ്ലവാത്മക കൃത്യങ്ങൾ സംബന്ധിച്ച പല പുതിയ വിവരങ്ങളും അടുത്തകാലത്തു് പുറത്തുവന്നിട്ടുണ്ടല്ലോ. അവയെ ഗ്രന്ഥകർത്താവ് വേണ്ടതുപോലെ ഉപകാരപ്പെടുത്തിയിട്ടുമുണ്ട്.

ഓജസ്സുള്ള ശൈലിയാണ് ശ്രീധരന്റേതു്. എന്തും ഒതുക്കിപ്പറയുവാനും വ്യക്തമായി ലളിതമായ ഭാഷയിൽ ആവിഷ്ക്കരിക്കുവാനും പത്രപ്രവർത്തകർക്ക് സാധിക്കുമല്ലോ. ആ മിടുപ്പ് ഈ കൃതിയുടെ രചനയിലും നിഴലിക്കുന്നു.

(ടോം ജോസ്)

കാട്ടിലേക്ക് ഒരു തീർത്ഥയാത്ര

(ഗ്രന്ഥകർത്താവ്:-സി. എസ്സ്. നായർ. വിതരണം:- കറൻറ് ബുക്സ്, തൃശ്ശൂർ. വില 1 ക. 50 ന. പ. പുറം 98)

— ടോം ജോസ് —

വനങ്ങളേയും വനശാസ്ത്രത്തേയും കുറിച്ചുള്ള സാഹിത്യഗ്രന്ഥങ്ങൾ നമ്മുടെ ഭാഷയിൽ ഇല്ല. വനശാസ്ത്രത്തെക്കുറിച്ചുള്ള സാഹിത്യഗ്രന്ഥങ്ങളുടെ അഭാവം ശ്രീ സി. എസ്സ്. നായർ തന്റെ ശക്തിയെല്ലാതവണ്ണം നികത്തിയിരിക്കുന്നു. നല്ല ഒഴുക്കും ഊർജ്ജസ്വലതയുമുള്ള ഭാഷയിൽ വനശാസ്ത്രവിഷയങ്ങളെക്കുറിച്ച് ഒരു സാഹിത്യകൃതി തന്നെ ശ്രീമാൻ നായർക്ക് എഴുതുവാൻ കഴിഞ്ഞിരിക്കുന്നു. പിച്ചിയിലെ 'റെയിഞ്ചോഫീസറും' ഫോറസ്റ്ററിയിൽ വിദഗ്ദ്ധനുമാണ് ശ്രീ സി. എസ്സ്. നായർ. തന്മൂലം വിഷയത്തെക്കുറിച്ച് അഗാധമായ അറിവു സമ്പാദിക്കുവാൻ സാഹചര്യം അദ്ദേഹത്തിനുണ്ടായി. തന്റെ വനവിജ്ഞാനം അദ്ദേഹം ശരിയ്ക്കുപയോഗപ്പെടുത്തിയിട്ടുണ്ട് ഈ ഗ്രന്ഥത്തിൽ. വനങ്ങളും സാഹിത്യത്തിൽ, കാടിന്റെ ഉൽപത്തികഥ, കാടിന്റെ ഭൂമിശാസ്ത്രപരമായ കഴിവുകൾ, വനവിഭാഗങ്ങൾ, വനവിഭവങ്ങൾ, ത്രിമൂർത്തികൾ, കാടിന്റെ മക്കൾ, കാട് എവിടെയുമാവാം എന്നിങ്ങനെ എട്ടു ചെറിയ അദ്ധ്യായങ്ങളാണ് ഇതിലുള്ളതു്. അവയിൽ ഓരോന്നും ഓരോ പുസ്തകം പ്രത്യേകം അർഹിക്കുന്നുണ്ട്, അവയെക്കുറിച്ചുള്ള വളരെ സംക്ഷിപ്തങ്ങളായ വിവരണങ്ങളെ ഇതിലുള്ള എന്ന ഒരു അപര്യാപ്തത ഇതിനുണ്ടെന്നല്ലാതെ മറെറാരു ദോഷവും ഈ പുസ്തകത്തെക്കുറിച്ചു പറയാനില്ല. എല്ലാം വളരെ ഭംഗിയായും സാരമായ അംശങ്ങളൊന്നും വിടാതെയും വിസ്താരത്തിനുള്ള വഴി തുറന്നിട്ടുകൊണ്ടും ആകുന്നു പറഞ്ഞിരിക്കുന്നതു്. തന്മൂലം ഈ വിഷയത്തെക്കുറിച്ച് ഇനിയും പുതിയ കൃതികൾ ആർക്കു വേണമെങ്കിലും എഴുതാം.

കാട് ഭൂമിശാസ്ത്രഘടകങ്ങളെ മെരുക്കിയെടുക്കുന്നു. കാലാവസ്ഥയുടെ കെടുതികളിൽനിന്ന് മണ്ണിനെ സംരക്ഷിക്കുന്നു. മാത്രമല്ല സർക്കാരിന് ഇതു വലിയൊരു ധനാഗമമാർഗ്ഗവുമാണ്. 'കാടി'ന്റെ നാനാതരത്തിനുള്ള ശക്തിയെക്കുറിച്ചും സാമാന്യമായി നായർ വിസ്തരിച്ചിട്ടുണ്ട്. കാടിന്റെ മേന്മകളെക്കുറിച്ച് പറയുമ്പോൾ നായരുടെ മനസ്സ് പടക്കുതിരയുടേതു പോലെ നില്ക്കും.

ഒരു ശാസ്ത്രകാരന്റെ വിശകലനപാടവവും ഒരെഴുത്തുകാരന്റെ രചനാരീതിയും കൈമുതലായിട്ടുള്ള ആളാണ് 'കാട്ടിലേക്കു ഒരു തീർത്ഥയാത്ര' നടത്തിയിരിക്കുന്നതു്.

ഒരാടും ആറു മനുഷ്യരും

(ഏകാങ്കങ്ങൾ- എരൂർ വാസുദേവ്. പ്രസാധകർ: കറൻറ് ബുക്സ്, തൃശ്ശൂർ. പേജ് 74 വില 1 ക. 25 ന. പ)

= വി. നരേന്ദ്രനാഥ് =

ഈയിടെ മറെറാരു ലേഖനത്തിൽ (തൊഴിലാളി വിശേഷാൽപ്രതിയിൽ) ഞാൻ ചൂണ്ടിക്കാണിച്ചതു് ഒരിക്കൽകൂടി ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ:

മലയാളഭാഷയിൽ തീരെ പുഷ്ടിപ്പെട്ടിട്ടില്ലാത്ത ഒരു സാഹിത്യശാഖയാണ് ഏകാങ്കനാടകം. ഇന്ത്യൻ ഭാഷകളെ ഒട്ടാകെ എടുത്തു പരിശോധിച്ചാലും വ്യക്തമാകുന്ന ഒരു പരമാർത്ഥമാണിതു്. ഈ ലേഖകൻ തെലുങ്കഭാഷയിലെ ഒരു പ്രശസ്തസാഹിത്യകാരിയായ ശ്രീമതി വിവേകാനന്ദാദേവിയുമായും കാനറീസ് സാഹിത്യകാരനായ പ്രഫ്ളാരാവുമായും ഇക്കാര്യത്തെക്കുറിച്ച് ചർച്ച ചെയ്യുകയുണ്ടായി. കാനറീസിലും തെലുങ്കിലും ഏകാങ്കനാടകപ്രസ്ഥാനം വളരെ ശുഷ്കമാണെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞതു്. സൌത്ത് ഇന്ത്യൻ ഭാഷകളിലെ ഏകാങ്കനാടകങ്ങളെ ഒന്നിച്ചുവെച്ചു പരിശോധിക്കുമ്പോൾ മലയാളഭാഷയിലെ 'ഏകാങ്കം' കുറച്ചുകൂടി ഭേദമാണെന്നു തോന്നുന്നു. എങ്കിലും നമുക്കൊട്ടും അഭിമാനിക്കാനുതകുന്നതല്ല നമ്മുടെ ഏകാങ്കനാടകസാഹിത്യം.

ഇതിനു മൌലികമായി പല കാരണങ്ങളുമുണ്ടാകാം. രൂപം, ഭാവം, പ്രയോഗം ഇത്യാദി പ്രാഥമിക സങ്കേതങ്ങളിൽ വൈഷമ്യമുളവാക്കുന്ന ഒന്നാണ്, രചയിതാക്കളെ സംബന്ധിച്ചേടത്തോളം, ഏകാങ്കനാടകം. സ്ഥലകാലപരിമിതിയും ഏകാഗ്രമായ കഥാഗതിയും ഏകാങ്കനാടകത്തിൽ കൈകാര്യം ചെയ്തു വിജയിപ്പിക്കുന്നതിന് കുറച്ചു ബുദ്ധിമുട്ടുണ്ട്. ഇതായിരിക്കാം നമ്മുടെ യുവസാഹിത്യകാരന്മാരിൽ അധികംപേരും ഈ രംഗത്തേക്കു കടന്നുവരാത്തതു്.

പ്രകൃതത്തിലുള്ള ഏകാങ്കനാടകങ്ങളുടെ സമാഹാരം ശ്രീ. എരൂർ വാസുദേവിന്റേതാണ്. നാടകരംഗത്തു് ഒരു മേൽവിലാസം നേടിക്കഴിഞ്ഞ ശ്രീ. വാസുദേവ് ഏകാങ്കരചനയിലും വിജയം നേടിയിരിക്കുന്നു. 'ഒരാടും ആറു മനുഷ്യരും' രണ്ടാംപതിപ്പിലെത്തിയിരിക്കുന്നു.

നാലു ഏകാങ്കനാടകങ്ങളടങ്ങുന്ന ഈ സമാഹാരത്തിലെ ഏററവും നല്ല സൃഷ്ടി ആദ്യത്തെ നാടകമായ 'ഒരാടും ആറു മനുഷ്യരും' തന്നെ.

സാമ്പത്തികമായി ഞെങ്ങിഞെരുങ്ങിക്കഴിയുന്ന ഒരു സാധാരണ തൊഴിലാളി കുടുംബത്തിൽ സ്വാഭാവികമായും നടക്കാവുന്ന ഒരു കലഹമാണ് 'ഒരാടും ആറു മനുഷ്യരി'ലുമുള്ള പ്രമേയം. അമ്മയും അച്ഛനും തമ്മിൽ, അമ്മയും മകനും തമ്മിൽ, അമ്മയും സ്നുഷയും തമ്മിൽ അങ്ങിനെ കുടുംബത്തിലെ എല്ലാവരും തമ്മിൽത്തമ്മിൽ കലഹിക്കുന്ന കലഹത്തിന്റെ പ്രധാനകാരണസ്ഥാനം ഒരാടാണ്, നിർഭാഗ്യജീവിയായ ഒരാട്. അവസാനം കുടുംബനാഥൻ തന്നെ സ്വന്തം കൈകൊണ്ട് ആ മിണ്ടാപ്രാണിയെ കശാപ്പുചെയ്യുന്നു. ഏതാണ്ടൊരു നമ്മബോധത്തോടെയാണ് നാടകകൃത്ത് പ്രമേയത്തെ കൈകാര്യം ചെയ്യുന്നതു്. വികാരതീവ്രതയുള്ള കഥാബീജത്തെ നമ്മബോധത്തോടെ സമീപിച്ച് വിജയിപ്പിക്കുകയെന്നതു് തന്നെ ബുദ്ധിമുട്ടുപിടിച്ച ഒരേർപ്പാടാണ്. എന്നാൽ ഈ നാടകം വിജയിച്ചതിന്റെ പിന്നിലുള്ള രഹസ്യം ഏകാങ്കനാടകരചനയുടെ മർമ്മം കണ്ടെത്താൻ നാടകകൃത്തിനു കഴിഞ്ഞിരിക്കുന്നു എന്നതു തന്നെയാണ്.

ഈ സമാഹാരത്തിലെ മററു നാടകങ്ങളായ 'തറവാടുകൾ'ളും 'ഒരു വിറകിൻ പ്രശ്ന'വും 'ഒരു യുദ്ധം കഴിഞ്ഞു' എന്ന നാടകവും മനുഷ്യർ തമ്മിൽത്തമ്മിലുള്ള സ്നേഹത്തിന്റെയും വിദ്വേഷത്തിന്റെയും വെറുപ്പിന്റെയും ശൃംഖലകളെ ചിത്രീകരിക്കുന്നു. വിദ്വേഷത്തിന്റെയും വെറുപ്പിന്റെയും ഹേതു ചിലേടത്തു് സാമ്പത്തികമാണെങ്കിൽ മററു ചിലേടത്തു് രാഷ്ട്രീയമാണ്. മററു ചിലേടത്തു് കേവലാന്ധതയും. ഈ വൈവിധ്യത്തെ തനതുവകയായ ചാതുരിയോടെ നാടകകൃത്തു് രണ്ടു ഏകാങ്കങ്ങളിൽ ചിത്രീകരിക്കുന്നുണ്ട്.

ഈ സമാഹാരത്തിലെ പുതുമയില്ലാത്ത നാടകമാണ് 'തറവാടുക'ളെന്നു തോന്നി. നാടകകൃത്തുദ്ദേശിച്ച ഫലം രചന ഉളവാക്കുന്നുണ്ടോ എന്ന കാര്യത്തിലും സംശയമില്ലെന്നില്ല. നാടകത്തിന്റെ നമ്മബോധംമാത്രമാണ് ഈ നാടകത്തെ മുഷിപ്പനല്ലാതായിരിക്കുന്നതു്.

എന്തായാലും 'ഒരാടും ആറുമനുഷ്യരും' മലയാളഭാഷയിലെ ഏകാങ്കപ്രസ്ഥാനത്തിന് ഒരു മുതൽക്കൂട്ടാണ്. അഭിനയിക്കാനും വായിക്കാനും ഒരുപോലെ ഉതകുന്ന നാടകങ്ങളാണിവയെന്ന് ധൈര്യം ഉറപ്പിച്ചു പറയാം.

വിജയം എവിടെ നിന്ന് വരുന്നു?

4-ാംപേജിൽനിന്നു തുടർച്ച

...വിയില്ലാത്ത ഭർത്താവും തമ്മിലുള്ള വിവാഹം നല്ലതായിരിക്കും.'

X Z X

വേല മനുഷ്യനെ ഉന്നതനാക്കുന്നു.

X X X

ഉത്തമനായ ഒരു ശത്രുവാണ് അധമനായ ഒരു ബന്ധുവിനെക്കാൾ നല്ലതു്.

X X X

കടലിൽ വീണാൽ 'രക്ഷപെട്ടോളൂ' എന്ന് എല്ലാവരും പറയും; ആരും 'രക്ഷിക്കാം' എന്നു പറയുകയില്ല.

X X X

ഈവിന്റെ ഗോത്രത്തിൽ പെട്ടവരാണ് എല്ലാ സ്ത്രീകളും.

X X X

'കരയുവാനിടയാകാതെ കിലോ വിടരുതൊരു പൂമൊട്ടു പുഷ്പമായ്.'

X X X

സ്നേഹം സ്നേഹം കൊണ്ടേ വീട്ടാനാവൂ.

X Z Z

'അധികജ്ഞാനം നിന്നെ ഭ്രാന്തനാക്കും.' — ബൈബിൾ

'ഒരു ശകലം ഭ്രാന്തില്ലാത്ത യാതൊരു പണ്ഡിതനുമില്ല.'

— സെനക്ക

X X X

മണ്ണ്! പെണ്ണ്!! പൊന്ന്!;!

X X X

ഓടുന്നവനും ഓടിക്കുന്നവനും കിതയ്ക്കും.

X X X

ഇളക്കമില്ലാത്ത വെള്ളം ആഴമുള്ളതാണ്.

X X X

സ്ത്രീയെ അറിഞ്ഞവൻ-സർവ്വജ്ഞാനി.

....

ആക്ഷേപങ്ങളും ആവശ്യങ്ങളും

ഡി. ഇ. ഓ. ഓഫീസിലെ വിനോദം

പ്രൊവിഡണ്ട് ഫണ്ട് വിഹിതത്തിനുവേണ്ടി അയക്കപ്പെടുന്ന അപേക്ഷകൾ അകാരണമായി താമസിപ്പിക്കുകയും തടഞ്ഞുവെക്കുകയും ചെയ്യുക എന്നതു് ഡി. ഇ. ഓ. ഓഫീസിലെ ഒരു വിനോദമായിത്തീർന്നപോലെ തോന്നുന്നു. അപേക്ഷകൾ സെക്ഷൻ ക്ലാർക്ക് സ്കൂളിലേക്കയക്കുക, ഹെഡ്മാസ്റ്റർ ... വെച്ചിരുന്നു തിരിച്ചയച്ചും വീണ്ടും സ്കൂളിലേക്കയക്കുക, അതുകൾ പരിശോധിക്കാതിരിക്കുക എന്നിവയാണ് പതിവ്. സെക്ഷൻക്ലാർക്കിന്റെ തെററുകളാണ് ഇത് ... അപേക്ഷകരിൽ പലരും ആക്ഷേപിക്കുന്നുണ്ട്. ഇങ്ങിനെ വെച്ച് താമസിക്കുന്നതിന് മറെറാരു കാരണം ... ടി. ബി. സാനിട്ടോറിയത്തിൽ, മരിച്ചു ... പ്രവേശനം അനുവദിക്കുക എന്ന പതിവുപോലെ പ്രൊവിഡണ്ട് ഫണ്ട് നൽകുന്നതിലും ... അനുവദിക്കുന്നതു് ശരിയല്ല.

തൃശ്ശൂർ, ഒരനുഭവസ്ഥൻ.

......

പാലക്കാട്ട് വാർത്തകൾ

[സ്വ. ലേ] പാലക്കാട്ട് ഏ. 10

ലോകാരോഗ്യദിനം പ്രമാണിച്ചു പാലക്കാട്ട് ബി. ഇ. എം. ഹൈസ്കൂളിൽ ഇന്നലെ വൈകുന്നേരം ചേർന്ന യോഗത്തിൽ ജില്ലാ കലക്ടർ കെ. രാമുണ്ണിമേനോൻ അദ്ധ്യക്ഷതവഹിക്കുകയും, ഡി. എം. ഒ. കെ. വാസുദേവൻ, ഡി. എസ്. പി. എം. കെ. ജോസഫ്, സുന്നാസാഹിബ് എന്നിവർ പ്രസംഗിക്കുകയും ചെയ്തു. ലോകാരോഗ്യസംഘടന കേരളത്തിന്, പ്രത്യേകിച്ചും, പാലക്കാട്ടെ അട്ടപ്പാടിയിൻ രോഗനിർമ്മാർജ്ജനത്തിനു വേണ്ടി ചെയ്ത പ്രവർത്തനങ്ങളെ അദ്ധ്യക്ഷൻ അനുസ്മരിച്ചു.

ജില്ലാ മെഡിക്കൽ അസോസിയേഷൻ പ്രസിഡണ്ട് ഡോക്ടർ മാധവമേനോൻ സ്വാഗതമാശംസിക്കുകയും എ. ഡി. എം. ഒ. കെ. എസ്. ബി. മേനോൻ നന്ദിപ്രകടനം നടത്തുകയും ചെയ്തു. തുടർന്നു പാലക്കാട്ട് നേഴ്സിംഗ് സ്കൂൾ വിദ്യാർത്ഥിനികളുടെ കലാപരിപാടികളും സിനിമാപ്രദർശനവും നടന്നു. ലോകാരോഗ്യദിനം കൽവക്കോട്ട് റെയിൽവേ കോളനിയിലും ആഘോഷിക്കുകയുണ്ടായി. ഇന്നലെ രാവിലെ 10 മണിയ്ക്ക് റെയിൽവേ ഇൻസ്ററിട്യൂട്ടിൽ ചേന്ന യോഗത്തിൽ ജില്ലാ ഇൻഫർമേഷൻ ആഫീസർ എസ്. രാമയ്യർ അദ്ധ്യക്ഷത വഹിക്കുകയും റെയിൽവെ അസിസ്ററൻറ് മെഡിക്കൽ ഓഫീസർ ജെ. കെ. റാവു പ്രസംഗിക്കുകയും ചെയ്തു. തുടന്ന് സിനിമാപ്രദർശനവുമുണ്ടായി.

അപേക്ഷകൾ ക്ഷണിക്കുന്നു

മലപ്പുറം എം. എസ്. പിയിൽ 30-40 രൂപാ ശമ്പളത്തിൽ ഏതാനും ബ്യൂഗ്ളർ ബായ്സിന്റെ ഒഴിവുകളുണ്ടെന്ന് പാലക്കാട്ട് ജില്ലാ എംപ്ലോയ്മെൻറ ആഫീസർ അറിയിക്കുന്നു. മലയാളം നന്നായി എഴുതുവാനും വായിക്കുവാനും അറിയാവുന്ന 15നും 16നും മദ്ധ്യേ പ്രായവും നല്ല കായിക ശേഷിയുമുള്ള കുട്ടികളെയാണാവശ്യം. സംഗീതത്തിൽ അഭിരുചിയും വായ്കൊണ്ട് പ്രവർത്തിപ്പിക്കുന്ന സംഗീതോപകരണങ്ങൾ ഉപയോഗിക്കുന്നതിൽ പരിചയമുള്ളവർക്ക് മുൻഗണന നല്കും. ഉദ്യോഗാർത്ഥികൾ സർട്ടിഫിക്കററുകൾ സഹിതം ഏപ്രിൽ 12-ാം തീയതി പാലക്കാട്ട് എംപ്ലോയ്മെൻറ എക്സ്ചേഞ്ചിൽ ഹാജരാകേണ്ടതാണ്.

വ്യവസായിക സംഘത്തിന് 10000 ക വായ്പ

പൊന്നാനി നാഷണൽ ബുക്ക് ബൈൻഡിംഗ് ആൻറ എൻവലപ്പ് മേക്കിങ്ങ് ഇൻസസ്ട്രിയൽ കലക്ടർ 10000ക. വായ്പ അനുവദിച്ചിരിക്കുന്നു. ഇതിൽ 6000ക മൂലധന വായ്പയും 4000ക യന്ത്രസാമഗ്രികൾ വാങ്ങുന്നതിനുമാണ്.

ജാമ്യത്തുക കണ്ടുകെട്ടി

റിട്ടേൺ അയയ്ക്കാതെ റൈസ് മില്ലിങ്ങ് ഇൻഡസ്ട്രീസ് ലംഘിച്ചതിന് പള്ളിപ്പുറം രങ്കവിലാസ് റൈസ് മില്ലുടമസ്ഥൻ ശ്രീ. കെ. ഗണപതി മൂത്താൻ ലൈസൻസി അടച്ച ജാമ്യത്തുക പാലക്കാട്ട് ജില്ലാ കലക്ടർ കണ്ടുകെട്ടിയിരിക്കുന്നു.

—

എൻ സി. സി. സീനിയർ ഡിവിഷൻ ക്യാമ്പ് പേരാവൂരിൽ നടത്താൻ ആലോചന

പേരാവൂർ, ഏ. 10

ഏപ്രിൽ രണ്ടാംതീയതിമുതൽ ചോവൂർ സെൻറ്ജോസഫ്സ് ഹൈസ്കൂളിൽവച്ച് നടന്നുവരുന്ന എൻ. സി. സി. ജൂനിയർ ഡിവിഷന്റെ വാർഷിക ക്യാമ്പ് കേരളാ എൻ. സി. സി. ഡയറക്ടർ ക്യാപ്ററൻ സോൻപാറൂം കോഴിക്കോട്ട് സ്റ്റേഷൻ കമാൻഡർ ലഫ്ററനൻറ് കേണൽ കെ. എം. ചിന്നപ്പയും സന്ദർശിച്ച് അവരുടെ അഭിനന്ദനം രേഖപ്പെടുത്തിയിരിക്കുന്നു. ഒരു എൻ. സി. സി. സീനിയർ ഡിവിഷൻ ക്യാമ്പ് പേരാവൂരിൽ നടത്താനുള്ള സാദ്ധ്യതകളെപ്പററി മേജർ ഐ. ജെ. നിക്കോളാസുമായി സംസാരിച്ചുവരുന്നതായും അറിയുന്നു.

....

തളിപ്പറമ്പിൽ പുതിയ ഖാസിയെയിയമിച്ചു

തളിപ്പറമ്പ് ഏപ്രിൽ 9

തളിപ്പറമ്പിൽ ഇന്നുമുതൽ ഒരു ഖാസിയെ നിയമിച്ചിരിക്കുന്നു. ഖാസിയായ ബഹുമാനപ്പെട്ട അയിനിക്കാട്ട് ഇബ്രാഹിം മുസ്ല്യാർക്ക് ഇന്നുരാവിലെ തളിപ്പറമ്പിലെ ആയിരക്കണക്കായ മുസ്ളീംകൾ ബസ്സ്സ്റ്റാൻറിൽവെച്ചു മംഗളസ്വീകരണം. സ്വീകരണത്തിൽ സയ്യിദ് അബ്ദുറഹ്മാൻ ബാഫഖിതങ്ങൾ, കെ. ചെറിയമമ്മുക്കയ തുടങ്ങിയവരും സംബന്ധിക്കുകയുണ്ടായി.

—o—

ഫുഡ് കോർപ്പറേഷനിൽ സ്വന്തക്കാരെ തിരുകിക്കയററുന്നു

സർവ്വീസുള്ളവരേയും പുറംതള്ളാൻ പ്ലാൻ

(സ്വ, ലേ.) കൊച്ചി, ഏ. 9

ഫുഡ് കോർപ്പറേഷന്റെ പ്രവർത്തനത്തിനായി ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്ന കാര്യത്തിൽ കേരളത്തിൽ വളരെ അധികം അനീതി കാണിച്ചുവരുന്നതായി പരാതി ഉയർന്നിരിക്കുന്നു.

കോർപ്പറേഷന്റെ കണ്ണോട്ടുകളിൽ കൂടി സ്വന്തക്കാരെ ഉയന്ന ഉദ്യോഗത്തിൽ കടത്തിവിടുന്നതിനുള്ള ഗൂഢാലോചനകൾ നടത്തിക്കൊണ്ടിരിക്കുന്നതായും അതിനുള്ള ലിസ്റ്റുകൾ പൂർത്തിയായിരിക്കുന്നതായും എനിക്കു് റിപ്പോർട്ട് ചെയ്യുവാൻ കഴിയും. 1943 മുതൽ വില്ലിംഗ്ടൺ ഐലണ്ടിലുള്ള ഫുഡ് സപ്ലൈ സെൻട്രൽ റിസർവ്വ് സ്റ്റോറേജിലും, കോഴിക്കോട്ട്, കൊല്ലം, തിരുവനന്തപുരം തുടങ്ങി കേരളത്തിന്റെ ഇതരഭാഗങ്ങളിലും ജോലി ചെയ്യുന്ന 600ൽ പരം ജീവനക്കാരെ ബാധിക്കുന്ന ഒരു പ്രശ്നമാണിതു്.

ഫുഡ് സപ്ലൈ ഡിപ്പാർട്ടുമെൻറുമായി യാതൊരുബന്ധവുമില്ലാത്ത റവന്യൂ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരെക്കൊണ്ടാണ് ഇപ്പോൾ കോർപ്പറേഷൻ നിറക്കുവാൻ പോകുന്നതു്. മേൽപ്പറഞ്ഞ ഫുഡ് സപ്ലൈ ഉദ്യോഗസ്ഥന്മാർ ഇക്കാലമത്രയും കേന്ദ്ര സർക്കാരിന്റെ കീഴിൽ ജീവിച്ചവരാണ്. പ്രസ്തുത ചുമതല കോർപ്പറേഷൻ ഏറെറടുക്കുമ്പോൾ ഈ ജീവനക്കാരേയും ഏറെറടുക്കുക എന്നതു സാമാന്യ മര്യാദയല്ലേ? ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റ്കോർപ്പറേഷൻ ഏറെറടുത്തപ്പോൾ ചെയ്തതു് അങ്ങിനെയല്ലേ?

ഫുഡ് കോർപ്പറേഷന്റെ നീതിരഹിതമായ ഈ നടപടി സ്റ്റേ ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര ഭക്ഷ്യകാര്യാലയത്തിലേയ്ക്ക് ഇവിടെനിന്നും നിവേദനങ്ങൾ പോയിട്ടുണ്ട്.

ഷാഹുൽഹമീദ് അവതരിപ്പിച്ച റിപ്പോർട്ട് യോഗം അംഗീകരിച്ചു. സജ്ജീവമായ ചർച്ചകൾക്കുശേഷം ഏ. യു. ചിദംബരൻ, ബി. എസ്സി (പ്രസിഡണ്ട്) പി. എം. ഷാഹുൽഹമീദ് (വൈസ് പ്രസിഡണ്ട്) പി. സി. മൈക്കേൾ (സിക്രട്ടറി) പി എം. ഷംസുദ്ദീൻ (ജോ: സിക്രട്ടറി) ടി. ജി. മുകന്ദൻ (ട്രഷറർ) എം. എസ്. മീരാസ്സാ, സി. എൽ. ആൻറണി, ബി. എസ്. സി (കമ്മററി അംഗങ്ങൾ) എന്നിവരെ പുതിയ ഭാരവാഹികളായി തെരഞ്ഞെടുത്തു.

മലയാള സാഹിത്യത്തിന്ന് മികച്ച സംഭാവന ചെയ്ത ടി: എ രാജലക്ഷ്മി, സുപ്രസിദ്ധ ആഗ്ലേയസാഹിത്യകാരനായ ടി. എസ്. ഏലിയട്ട് എന്നിവരുടെ നിര്യാണത്തിൽ യോഗം അനുശോചനം പ്രകടിപ്പിച്ചു.

....

പാലക്കാട്ടെ തൊഴിൽനില

പാലക്കാട്ട്, ഏപ്രിൽ 10

